**സബ്മിഷൻ**

**കൊപ്രയുടെ താങ്ങുവില**

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ): സർ, കൊപ്രയുടെ താങ്ങുവില പുതുക്കി നിശ്ചയിക്കുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് നാളികേര കർഷകരെ അവഹേളിക്കുന്ന സമീപനമാണ് സ്വീകരിച്ചത്. ദീർഘകാലത്തെ ഇടവേളയ്ക്കുശേഷം താങ്ങുവില വർദ്ധിപ്പിച്ചത് കേവലം 150 രൂപ മാത്രമാണ്. മില്ലിംഗ് കൊപ്രയുടെ താങ്ങുവില 5100 രൂപയിൽ നിന്ന് 6300 രൂപയായും (എന്നുപറഞ്ഞാൽ 1200 രൂപ) ഉണ്ട കൊപ്രയുടെ താങ്ങുവില 6550 രൂപയും ആയി വർദ്ധിപ്പിക്കുവാനാണ് കേരളം ആവശ്യപ്പെട്ടത്. അതും ക്വിന്റലിന് 700 രൂപയാക്കണമെന്നാണ് കർണ്ണാടകവും 750 രൂപയാക്കണമെന്നാണ് തമിഴ്നാടും ആവശ്യപ്പെട്ടത്. ഉൽപ്പാദന ചെലവിലെ വർദ്ധനയും പണപ്പെരുപ്പവും പരിഗണിക്കുമ്പോൾ തമിഴ്നാട് ആവശ്യപ്പെട്ട താങ്ങുവിലയെങ്കിലും കിട്ടിയാലെ നാളികേര കർഷകർക്ക് പര്യാപ്തമാവുകയുള്ളു. കേരളം ആവശ്യപ്പെട്ട വർദ്ധന തികച്ചും അപര്യാപ്തമാണ്. എന്നാൽ 1200 രൂപ വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചപ്പോൾ കേവലം 150 രൂപ മാത്രം കൂട്ടി സംസ്ഥാനത്തേയും ഇവിടത്തെ കൃഷിക്കാരെയും അവഹേളിക്കുകയാണ് കേന്ദ്ര ഗവൺമെന്റ് ചെയ്തിരിക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രവർത്തനങ്ങളെ മുക്തകണ്ഠം പ്രശംസിക്കുന്ന മലയാള മനോരമ കൊപ്രയുടെ താങ്ങുവില സംബന്ധിച്ച മുഖപ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചത് പണപ്പെരുപ്പത്തിന്റെ തോത് പരിഗണിക്കുമ്പോൾ താങ്ങുവില സ്വാഭാവികമായും 500 രൂപയെങ്കിലും വർദ്ധിപ്പിക്കണമെന്നാണ്. കേരത്തിന്റെ നാടാണ് കേരളമെന്ന് നാം ഇതേവരെ അഭിമാനിച്ചിരുന്നു. ഇപ്പോൾ കേര

ത്തിന്റെ നാട് തമിഴ്നാടും കർണ്ണാടകയുമാണ്. ഒരു തേങ്ങ കൊടുത്താൽ ഒരു മുട്ട പോലും കിട്ടാത്തത്ര തേങ്ങയുടെ വില ഇടിഞ്ഞു. ഇതേ നില തുടർന്നാൽ കേരളത്തിലെ നാളികേര കൃഷി അലങ്കാരത്തിനു മാത്രമേയാകു. 35 ലക്ഷം കൃഷിക്കാരുടെ പ്രശ്നമാണിത്. സംസ്ഥാന സർക്കാർ പച്ച തേങ്ങ സംഭരിക്കു മെന്ന് പ്രഖ്യാപിച്ചെങ്കിലും സംഭരണം ഫലപ്രദമായില്ല. കൃഷിഭവൻ മുഖേന പച്ച തേങ്ങ സംഭരണം കാര്യക്ഷമമാക്കണം. അതിനും വില വർദ്ധിപ്പിക്കണം. കൊപ്രായുടെ താങ്ങുവില വർദ്ധിപ്പിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്ത ണം. അതിനുപുറമേ ഒരു കാര്യം ആവശ്യപ്പെടാനുള്ളത്, ഇക്കാര്യത്തിൽ തമിഴ്നാടും കർണ്ണാടകയും സ്വീകരിച്ച ഉദാരമായ നിലപാട് കേര ളസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ്. കേന്ദ്രം നൽകുന്ന താങ്ങുവിലയ്ക്ക് പുറമേ ക്വിന്റലിന് 400 രൂപ തമിഴ്നാടും 700 രൂപ കർണ്ണാട കവും കൃഷിക്കാർക്ക് സ്വന്തംനിലയ്ക്ക് നൽകുന്നു. ഈ നിലയിൽ 'കേരം തിങ്ങും കേരളനാട് – കേരളമെന്നുകേട്ടാൽ അഭിമാനപൂരിതമാകണം അന്തരം ഗം' എന്നാണ് കവി പറഞ്ഞിട്ടുള്ളത്. നമ്മുടെ സ്ഥിതി എന്താണ്? അതു കൊണ്ട് കേന്ദ്രത്തിന്റെ ഈ സമീപനത്തെ ശക്തമായി എതിർത്തുകൊണ്ട് കുറ ഞ്ഞത്, തമിഴ്നാടും കർണ്ണാടകവും ചെയ്തിട്ടുള്ള വർദ്ധനവെങ്കിലും വരുത്തു വാൻ കേന്ദ്ര ഗവൺമെന്റിനോട് കേരള ഗവൺമെന്റ് ആവശ്യപ്പെടണമെ ന്നാണ് എനിക്ക് ഈ സബ്മിഷനിൽ കൂടി അറിയിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കേന്ദ്ര ഗവൺമെന്റ് കൊപ്രയുടെ താങ്ങുവില, മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപ എന്നത് 150 രൂപ കൂട്ടി 5250 രൂപയായും ഉണ്ടകൊപ്രയ്ക്ക് ക്വിന്റലിന് 5350 രൂപ എന്നത് 150

രൂപ കൂട്ടി 5500 രൂപയായും വർദ്ധിപ്പിച്ചത് തികച്ചും അപര്യാപ്തമാണെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിനോട് യോജിക്കുകയാണ്. മില്ലിംഗ് കൊപ്രയ്ക്ക് 6300 രൂപയും ഉണ്ടകൊപ്രയ്ക്ക് 6975 രൂപയുമായി വർദ്ധിപ്പിക്കണമെന്നാണ് നമ്മൾ ആവശ്യപ്പെട്ടിരുന്നത്. പക്ഷേ വളരെ നാമ മാത്രമായ വർദ്ധനവ് മാത്രമേ വന്നിട്ടുള്ളൂ. ഇതിലുള്ള പ്രതിഷേധം നമ്മൾ അറിയിച്ചിട്ടുണ്ട്. ഇത് വർദ്ധിപ്പിക്കണമെന്ന് നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. ആ ആവശ്യം വീണ്ടും ശക്തമായി മുന്നോട്ട് കൊണ്ടുപോകുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. പച്ച തേങ്ങ സംഭരിക്കണമെന്നുള്ളതായിരുന്നു നമ്മുടെ ഏറ്റവും വലിയ ആവശ്യം. അതിന് കേന്ദ്ര ഗവൺമെന്റ് അനുവാദം തന്നു. പക്ഷേ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപ വില ഫിക്സ് ചെയ്തിരുന്ന സമയത്ത് പച്ച തേങ്ങ ക്വിന്റലിന് 1400 രൂപയ്ക്ക് മാത്രമേ ശേഖരിക്കാൻ കഴിഞ്ഞിരുന്നുള്ളൂ. കേരഫെഡിന് സംസ്ഥാന ഗവൺമെന്റ് 200 രൂപ കൂടി സബ്സിഡി നൽകി ഒരു കിലോയ്ക്ക് 16 രൂപ നിരക്കിൽ, ക്വിന്റലിന് 1600 രൂപയ്ക്ക് സംഭരിച്ചിരുന്നു. കേന്ദ്ര ഗവൺമെന്റ് വർദ്ധിപ്പിച്ച 150 രൂപയും സംസ്ഥാന ഗവൺമെന്റിന്റെ സബ്സിഡിയായ 200 രൂപയുമുൾപ്പെടെ പച്ച തേങ്ങ ഒരു കിലോയ്ക്ക് 18 രൂപ നിരക്കിൽ അതായത് ഒരു ക്വിന്റലിന് 1800 രൂപയ്ക്ക് സംഭരിക്കാൻ സാധിക്കും. സബ്സിഡി നൽകിക്കൊണ്ട് ഇത് ഏറ്റവും ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുകയാണ്. ഓപ്പൺ മാർക്കറ്റിൽ പച്ച തേങ്ങയ്ക്ക് ക്വിന്റലിന് 1900 രൂപ വില ആയിട്ടുള്ളത് സന്തോഷകരമായ വസ്തുതയാണ്. അത് നല്ല കാര്യമാണ്. അത്

പോരെങ്കിലും ഓപ്പൺ മാർക്കറ്റിലെ വില സജീവമായ മാർക്കറ്റ് ഇന്റർവെൻഷൻ കൊണ്ട് വർദ്ധിപ്പിക്കാൻ സാധിച്ചു. എന്നാലും കർഷകന് ഇത് തൃപ്തികരമല്ല. അതുകൊണ്ട് കൂടുതൽ കിട്ടാൻവേണ്ടി ശ്രമിക്കും. അതോടൊപ്പം കൊപ്ര സംഭരണത്തിന് സൊസൈറ്റികൾ വലിയ താല്പര്യം കാണിച്ചില്ല. കാരണം അവർക്ക് ഈ ഓപ്പറേഷൻ പലപ്പോഴും നഷ്ടമായി വരുന്നു. ആ സാഹചര്യത്തിൽ ക്വിന്റലിന് 500 രൂപവച്ച് സൊസൈറ്റികൾക്ക് ധനസഹായം കൊടുക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിരുന്നു. കാരണം സൊസൈറ്റികൾ സജീവമായി വന്നാൽ മാത്രമേ കർഷകന് വില ലഭിക്കുകയുള്ളൂ. അതുകൊണ്ട് സൊസൈറ്റികൾക്ക് അത് തുടർന്നും നൽകു ന്നതാണ്. സംസ്ഥാന ഗവൺമെന്റിന് സ്വീകരിക്കാൻ സാധിക്കുന്ന എല്ലാ വിധ ത്തിലുള്ള നടപടികളും സ്വീകരിക്കുന്നതാണ്. പച്ച തേങ്ങ സംഭരിക്കുന്നതിന് ഒരു ക്വിന്റലിന് 200 രൂപ എന്ന നിരക്കിൽ കേരഫെഡിനും കൊപ്ര സംഭരിക്കു ന്നതിന് ഒരു ക്വിന്റലിന് 500 രൂപ നിരക്കിൽ സഹകരണ സ്ഥാപനങ്ങൾക്കും സംസ്ഥാന ഗവൺമെന്റ് സബ്സിഡി നൽകും. ഈ സബ്സിഡി തുടരുകയും കേന്ദ്രഗവൺമെന്റിനെക്കൊണ്ട് ഇത് കൂടിയ നിരക്കിലേയ്ക്ക് കൊണ്ടുവ രാൻവേണ്ടി ശ്രമിക്കുകയും ചെയ്യും എന്നുകൂടി പറയാൻ ആഗ്രഹിക്കുന്നു. കേരകർഷകനെ രക്ഷിക്കണമെങ്കിൽ സൊസൈറ്റികൾകൂടി മുന്നോട്ടുവന്നേ മതിയാകൂ. അതിനായി സൊസൈറ്റികൾക്ക് ഇൻസെന്റീവായി ക്വിന്റലിന് 500 രൂപ സംസ്ഥാന ഗവൺമെന്റ് നൽകും. കേന്ദ്ര ഗവൺമെന്റ് നൽകുന്ന തുക കർഷകന് നേരിട്ട് കൊടുക്കണം. സൊസൈറ്റിയുടെ ഓപ്പറേഷന്റെ ചെലവ് വഹിക്കാൻവേണ്ടി 500 രൂപ പ്രത്യേകം കൊടുക്കും. അതുകൊണ്ട് എല്ലാ

സ്ഥലത്തും ഈ വില കിട്ടുന്നു എന്ന് ഞാൻ അവകാശപ്പെടുന്നില്ല. കൊപ്രയ്ക്ക് വില ലഭിക്കണമെങ്കിൽ സൊസൈറ്റികൾ കൂടി മുന്നോട്ടു വന്നേ മതിയാവൂ. സൊസൈറ്റികൾക്ക് ഗവൺമെന്റ് ഇൻസെന്റീവ് നൽകാനും തയ്യാറാണ്.

## വ്യവസായങ്ങൾ ആരംഭിക്കൽ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ രാരോത്ത് വില്ലേജിൽ 2002–ൽ വ്യവസായ വകുപ്പ് വാങ്ങിയ 20 ഏക്കർ സ്ഥലമുണ്ട്. ഈ ഭൂമി വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുകയാണ്. വർഷാവർഷം മേലാദായം ലേലം ചെയ്ത് നൽകാറുണ്ടെങ്കിലും ആദായം മുഴുവനും കളവ് പോകുകയാണ് ചെയ്യുന്നത്. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് വാങ്ങിയ ഈ ഭൂമി ഉപയോഗപ്പെടുത്താൻ കഴിയാത്തത് വലിയ നഷ്ടമാണ് നമുക്കുണ്ടാക്കിയിട്ടുള്ളത്. കിൻഫ്ര ഈ സ്ഥലം പരിശോധിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഓയിൽ പാം ഇന്ത്യയും ഒരു പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചതായി അറിയുന്നു. ചെറുകിട വ്യവസായം തുടങ്ങുന്നതിനുവേണ്ടി ഏതാണ്ട് അറുപതോളം ആളുകൾക്ക് സാധ്യതയുള്ളതായിട്ടാണ് മാനസ്സിലാക്കുന്നത്. ഈ പ്രദേശം ധാരാളം വ്യവസായ സാധ്യതകളുള്ള പ്രദേശമാണ്. റബ്ബർ, നാളീകേരളം, കൊക്കോ, അടയ്ക്ക തുടങ്ങിയവ സൂലഭമായി ലഭിക്കാൻ കഴിയുന്ന ഒരു മലയോരപ്രദേശമാണിത്. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിലവസരമുണ്ടാക്കാൻ കഴിയുന്നവിധം ധാരാളം സംരംഭങ്ങൾ ഇവിടെ ആരംഭിക്കാൻ കഴിയും. നാഷണൽ ഹൈവേ 212–ൽ നിന്നും ഏകദേശം ഒരു കിലോമീറ്റർ ദൂരം മാത്ര

മാണ് ഈ സ്ഥലത്തേയ്ക്കുള്ളത്. വ്യവസായ വകുപ്പുമന്ത്രി പ്രത്യേക പരിഗണന നൽകി ശരിയായ പഠനം നടത്തി ഈ പ്രദേശത്തിന് യോജിക്കുന്ന രീതിയിൽ ഒരു വ്യവസായകേന്ദ്രം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുക യാണ്.

## വ്യവസായങ്ങൾ ആരംഭിക്കൽ

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പരിഗണി ക്കാം. ഈ സ്ഥലത്തിന്റെ ലാന്റ് അക്വിസിഷൻ 1996-ൽ തുടങ്ങിയതാണ്. ഇപ്പോഴും ലാന്റ് അക്വിസിഷൻ സംബന്ധിച്ച് കേസ് ഉണ്ട്. അത് പൂർത്തി യാക്കി, കാർഷികപ്രാധാന്യമുള്ള ഈ ഭൂമിയിൽ വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിയുമോ എന്നതിനെ സംബന്ധിച്ച് ഫീസിബിലിറ്റി സ്റ്റഡി നടത്തി ആ കാര്യം പരിഗണിക്കാം.

## കെ.എസ്.ആർ.ടി.സി ജീവനക്കാരന്റെ ആത്മഹത്യ

ശ്രീ. എം. ചന്ദ്രൻ: സർ, പെൻഷൻ ലഭിക്കാത്തതുകൊണ്ട് കെ.എസ്. ആർ.ടി.സി. -യിലെ മുൻ ജീവനക്കാരൻ ആത്മഹത്യ ചെയ്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തേൻകുറിശ്ശി, കോരങ്ങോട്, തുളസിത്തറ വീട്ടിൽ 65 വയസുള്ള മണിയെന്ന കെ.എസ്.ആർ. ടി.സി-യിലെ മുൻ ഡ്രൈവർ 28-01-2013-ന് പുലർച്ചെ 5.30-ന് വീടിനടു

ത്തുളള പറമ്പിൽ തൂങ്ങി മരിച്ചതായി കാണപ്പെട്ടു. കെ.എസ്.ആർ.ടി.സി-യിലെ സാമ്പത്തിക പ്രതിസന്ധിമൂലം ഡിസംബർ മാസത്തെ പെൻഷൻ വിതരണം ചെയ്തിരുന്നില്ല. അതിനുമുമ്പ് വാങ്ങിയ പെൻഷൻ അദ്ദേഹത്തിന് പോക്കറ്റടിച്ച് നഷ്ടപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യ കർഷകത്തൊഴിലാളിയാണ്. മക്കൾക്ക് പ്രത്യേകിച്ച് വരുമാനമുള്ള തൊഴിലൊന്നും ഇല്ല. ഇതിന്റെ ഭാഗമായിട്ടാണ് അദ്ദേഹം ആത്മഹത്യ ചെയ്യേണ്ടിവന്നത്. മണിയുടെ മരണംമൂലം കുടുംബം അനാഥമായിരിക്കുകയാണ്. ജീവിതകാലം മുഴുവൻ കെ. എസ്. ആർ. ടി. സി.-യ്ക്കു വേണ്ടി സേവനം ചെയ്ത മണിയുടെ കുടുംബത്തിന് ചുരുങ്ങിയത് അഞ്ച് ലക്ഷം രൂപയെങ്കിലും അടിയന്തര സഹായം നൽകണമെന്നും ഒരു മകന് കെ. എസ്. ആർ. ടി.സി.-യിൽ ജോലി നൽകണമെന്നും ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു.

<u>കെ.എസ്.ആർ.ടി.സി ജീവനക്കാരന്റെ ആത്മഹത്യ</u>

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്):</u> സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 28-02-2007-നാണ് മണി പെൻഷൻ ആയത്. അദ്ദേഹം ആത്മഹത്യ ചെയ്യുന്നത് 28-01-2013-നാണ്. അദ്ദേഹത്തിന്റെ ഡിസംബർ മാസത്തെ പെൻഷൻ 14/01-ൽ പോക്കറ്റടിച്ചു. പണവും അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന രേഖകളും നഷ്ടപ്പെട്ടു. പിന്നീട് ലൈസൻസുൾപ്പെടെയുള്ള രേഖകൾ കിട്ടിയെങ്കിലും പണം കിട്ടിയില്ല. വളരെ പ്രയാസമനുഭവിക്കുന്ന കുടുംബമാണ്. ഭാര്യ കർഷക തൊഴിലാളിയാണ്. ഇദ്ദേഹം റിട്ടയർ ചെയ്തു. 28-ഉം 26-ഉം വയസ്സുള്ള രണ്ടു മക്കളാണുള്ളത്. അവർ ആന്ധ്രാപ്ര

ദേശിൽ വെൽഡിംഗ് ജോലി ചെയ്യുകയാണ്. മൂത്ത മകന്റെ കല്യാണം നിശ്ച യിച്ചു. അയാളുടെ കാലിന് ഫ്രാക്ചർ വന്ന് വീട്ടിലുണ്ട്. ഇങ്ങനെയുള്ള പ്രയാ സങ്ങളൊക്കെ അദ്ദേഹത്തിനുണ്ടായിരുന്നു. ജനുവരിയിലെ പെൻഷൻ 28-ാം തീയതി വിതരണം ചെയ്യുമെന്ന് 26-ാം തീയതി പത്രപ്രസ്താവന ഇറക്കിയിരു ന്നു. 28-ാം തീയതിയാണ് അദ്ദേഹം ആത്മഹത്യ ചെയ്യുന്നത്. ആത്മഹത്യ യുടെ കാരണം പെൻഷൻ കിട്ടാത്തതാണോ, വീട്ടിലെ പ്രശ്നങ്ങളാണോ എന്ന് എനിക്കറിയില്ല. ഏതായാലും ഈ സംഭവം ശരിയാണ്. പെൻഷൻ 28 -ാം തീയതി തന്നെ എല്ലാവർക്കും കൊടുക്കുകയും ചെയ്തിരുന്നു. ആ ദിവ സമാണ് ഇദ്ദേഹം മരിക്കുന്നത്. പെൻഷൻ കിട്ടുമെന്ന് എല്ലാവർക്കും അറിയാ മായിരുന്നു. 5000 രൂപയാണ് അദ്ദേഹത്തിന് ലഭിച്ചിരുന്ന പെൻഷൻ. വളരെ ദൗർഭാഗ്യകരമായ ഒരു സംഭവമാണിത്. അക്കാര്യത്തിൽ എന്താണ് അദ്ദേഹ ത്തിന് ചെയ്യാൻ കഴിയുകയെന്ന കാര്യം അടുത്ത ക്യാബിനറ്റ് യോഗത്തിൽ മുഖ്യമന്ത്രിയുമായി ആലോചിച്ച് തീരുമാനം കൈക്കൊള്ളും.

<u>സ്കോളർഷിപ്പുകളുടെ തുകയും എണ്ണവും വർദ്ധിപ്പിക്കൽ</u>

<u>ശ്രീ. എം. ഉമ്മർ</u>: സർ, എൽ.പി. ക്ലാസ്സുകളിലേയും യു.പി. ക്ലാസ്സുകളിലേയും മിടുക്കന്മാരായ കുട്ടികൾക്ക് വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് എൽ.എസ്.എസ്./യു. എസ്.എസ്. സ്കോളർഷിപ്പ് കൊടുക്കുന്നത്. 13 വർഷം മുമ്പുള്ള നാമമാത്ര മായ തുകയാണ് ഇപ്പോഴും സ്കോളർഷിപ്പായി കൊടുക്കുന്നത്. എൽ.എസ്. എസ്.-ന് 100 രൂപയും യു.എസ്.എസ്.-ന് 150 രൂപയുമാണ് കൊടുക്കുന്നത്. ഈ സംഖ്യ കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് ആവശ്യ

പ്പെടാനുള്ളത്. 70 ശതമാനം മാർക്കുള്ള കുട്ടികൾക്കാണ് സ്കോളർഷിപ്പ് കൊടുക്കുന്നത്. കഴിഞ്ഞ വർഷം സ്കോളർഷിപ്പിന് അർഹരായ കുട്ടികൾക്ക് ഇപ്പോഴും സ്കോളർഷിപ്പ് തുക കിട്ടിയിട്ടില്ല. അതുകൊണ്ട് കാലാനുസൃതമായ രീതിയിൽ സംഖ്യ വർദ്ധിപ്പിക്കുകയും അതോടൊപ്പം ഈ സംഖ്യ കൃത്യമായി കൊടുക്കുകയും ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

സ്കോളർഷിപ്പുകളുടെ തുകയും എണ്ണവും വർദ്ധിപ്പിക്കൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : സർ, കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ 4-ാം ക്ലാസ്സിൽ പഠിക്കുന്നവരും എല്ലാ വിഷയങ്ങൾക്കും എ+ നേടിയവരുമായ കുട്ടികളാണ് എൽ.എസ്.എസ്. പരീക്ഷ എഴുതുന്നത്. അതിൽ വിജയികളാകുന്ന കുട്ടികൾക്ക് 5,6,7 ക്ലാസ്സുകളിൽ 100 രൂപ ക്രമത്തിൽ വാർഷിക സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്. 7-ാം ക്ലാസ്സിൽ പഠിക്കുന്നവരും എല്ലാ വിഷയങ്ങൾക്കും എ+ നേടിയവരുമായ കുട്ടികളാണ് യു.എസ്.എസ്. പരീക്ഷ എഴുതുന്നത്. അതിൽ വിജയികളാകുന്ന കുട്ടികൾക്ക് 8,9,10 ക്ലാസ്സുകളിൽ 150 രൂപ ക്രമത്തിൽ വാർഷിക സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്. 16.12.1996-ലെ ജി.ഒ(എം.എസ്.) നമ്പർ 453/96 പൊ.വി.വ. പ്രകാരമാണ് എൽ.എസ്.എസ്./യു.എസ്.എസ്. വിഭാഗത്തിലെ സ്കോളർഷിപ്പ് തുകയിലും രക്ഷകർത്താവിന്റെ വരുമാനപരിധിയിലും അവസാനമായി വർദ്ധനവ് വരുത്തിയിട്ടുള്ളത്. പ്രസ്തുത സ്കോളർഷിപ്പ് തുക വർദ്ധിപ്പിച്ചിട്ട് 16 വർഷം കഴിഞ്ഞിരിക്കുന്നതിനാൽ ഇത് വർദ്ധിപ്പിക്കണമെന്ന കരിക്കുലം കമ്മിറ്റിയുടെ ശുപാർശ സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യത്തിൽ സർക്കാർ താമസംവിനാ തീരുമാനമെടുക്കുന്നതാണ്.

## ഗണിതശാസ്ത്രത്തിലെ മാർക്കിലെ മാനദണ്ഡം

ശ്രീ. കെ. എൻ. എ. ഖാദർ : സർ, കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്മിഷൻ കിട്ടാൻ ഗണിതശാസ്ത്രത്തിൽ 50 ശതമാനം മാർക്ക് കിട്ടിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. സബ്ജക്റ്റ് മിനിമം വ്യവസ്ഥ പാലിക്കാനാവാത്തതിനാൽ പതിനായിരക്കണക്കിന് മലയാളി വിദ്യാർത്ഥികൾ കർണ്ണാടക, തമിഴ്നാട് തുടങ്ങിയ ഇതര സംസ്ഥാനങ്ങളിൽ പോയി പഠിക്കാൻ നിർബന്ധിതരാവുകയാണ്. ഭീമമായ ഫീസ് നൽകി കഷ്ടപ്പെട്ട് അന്യസംസ്ഥനങ്ങളിൽ പഠിക്കേണ്ടിവന്നാൽപ്പോലും ക്രൂരമായ റാഗിങ്ങിനും മറ്റും വിധേയമായി തിരിച്ചുപോരേണ്ടിവന്ന സംഭവങ്ങളും ധാരാളമുണ്ട്. മാത്രമല്ല, കേരളത്തിലെ കോളേജുകളിലാകട്ടെ ആയിരക്കണക്കിന് സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയുമാണ്. സ്വന്തം സംസ്ഥാനത്ത് ആയിരക്കണക്കിന് സീറ്റുകൾ ഒഴിഞ്ഞുകിടക്കവെ, അന്യസംസ്ഥാനങ്ങളിലേയ്ക്ക് നമ്മുടെ കുട്ടികളെ ആട്ടിയോടിക്കുന്ന സബ്ജക്റ്റ് മിനിമം നിബന്ധന പിൻവലിക്കേണ്ടതാവശ്യമാണ്. എ.ഐ.സി.റ്റി.യു. യുടെ കീഴിലാണ് ഇൻഡ്യയിലെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും പ്രവർത്തിക്കുന്നതെങ്കിലും ഇവിടെ മാത്രം മറ്റെങ്ങുമില്ലാത്ത നിബന്ധന അടിച്ചേൽപ്പിക്കുന്നത് ശരിയല്ല. ഇങ്ങനെ അടിച്ചേൽപ്പിക്കുന്ന നിബന്ധന നിലനിർത്താൻ വേണ്ടി ചില ഉന്നത ഉദ്യോഗസ്ഥന്മാർക്ക് പ്രത്യേക താൽപ്പര്യമുള്ളതായി അറിയുന്നു. കർണ്ണടകയിലെയും മറ്റ് സ്വകാര്യ കോളേജ് ലോബികൾ ഈ നിബന്ധന തുടർന്നും കേരളത്തിൽ നിലനിർത്താനും കുട്ടികളെ കിട്ടുന്നതിനും ഉദ്യോഗസ്ഥ മേധാവികളിൽ ചിലർക്ക് കോഴ നൽകുന്നതായും ആരോപണമുണ്ട്. ആകയാൽ ഗണിതശാസ്ത്രത്തിന് സബ്ജക്റ്റ് മിനിമമെന്ന വ്യവസ്ഥ അടിയന്തരമായി ഒഴിവാക്കണ

മെന്ന ആവശ്യം ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മുന്നിൽ ഉന്നയിക്കുകയാണ്. കോളേജുകളുടെ നിലവാരം കുറയാൻ കാരണ മാകുന്നതുകൊണ്ടാണ് സബ്ജക്റ്റ് മിനിമം നിശ്ചയിച്ചതെന്ന വാദം മിഥ്യയാ ണെന്നുകൂടി ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു.

## ഗണിതശാസ്ത്രത്തിലെ മാർക്കിലെ മാനദണ്ഡം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : സർ, എഞ്ചിനീ യറിംഗ് മേഖലയിലെ ഉന്നതവിദ്യാഭ്യാസത്തിൽ ഗണിതശാസ്ത്രത്തിന് വളരെ യേറെ പ്രാധാന്യവും പ്രാമുഖ്യവുമുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. യോഗ്യതാപരീക്ഷയിൽ ഗണിതശാസ്ത്രത്തിന് 50 ശതമാനം മാർക്കെങ്കിലും ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗ് പഠനം പൂർത്തിയാക്കുന്നത് ദുഷ്ക്കരമാണെന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. എഞ്ചിനീയറിംഗ് വിദ്യാഭ്യാ സത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ഉപാധികളുടെ ഭാഗമാ യിട്ടാണ് കേരളത്തിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം ലഭിക്കണമെങ്കിൽ ഗണിതശാസ്ത്രത്തിന് 50 ശതമാനം മാർക്കെ ങ്കിലും യോഗ്യതാപരീക്ഷയിൽ മിനിമം ലഭിച്ചിരിക്കണമെന്ന വ്യവസ്ഥ നിഷ്കർഷിച്ചത്. കേരളത്തിൽ നിലവിലുള്ള പ്രൊഫഷണൽ കോളേജുക ളിലെ വിദ്യാഭ്യാസ നിലവാരത്തകർച്ചയെക്കുറിച്ച് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ പരാമർശമുണ്ടായ സംഭവം ഈ അവസരത്തിൽ ഏറെ പ്രസക്തമാണ്. കേരളത്തിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുക ളിൽ പ്രവേശനം ലഭിക്കണമെങ്കിൽ ഗണിത ശാസ്ത്രത്തിന് 50 ശതമാനം മാർക്കെങ്കിലും യോഗ്യതാ പരീക്ഷയിൽ മിനിമം ലഭിച്ചിരിക്കണമെന്ന വ്യവസ്ഥ ഈ വർഷത്തെ എൻട്രൻസ് പ്രോസ്പെക്റ്റസ് റീ–വാമ്പ് കമ്മിറ്റി

പരിശോധിക്കുകയും പ്രസ്തുത വ്യവസ്ഥിതി മാറ്റം വരുത്തേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ സർവ്വകലാശാലകളും എഞ്ചിനീയറിംഗ് പ്രവേശനവുമായി ബന്ധപ്പെട്ട് ഗണിതശാസ്ത്രത്തിന് പ്രത്യേകമായി 50 ശതമാനം മാർക്കുണ്ടായിരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ പ്രസ്താവിച്ച നിബന്ധനകൾക്ക് മാറ്റം വരുത്തുകയാണെങ്കിൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നിലവാരം കൂടുതൽ താഴേയ്ക്ക് പോകുമെന്നാണ് സർക്കാർ കരുതുന്നത്. അതുകൊണ്ട് ഗണിതശാസ്ത്രത്തിന് പ്രത്യേകമായി 50 ശതമാനം മാർക്കുണ്ടായിരിക്കേണ്ടതാണെന്ന നിലവിലുള്ള വ്യവസ്ഥയിൽ മാറ്റം വരുത്തേണ്ടതില്ലെന്നാണ് ഗവൺമെന്റ് കരുതുന്നത്.

## പ്രതികളെ അറസ്റ്റ് ചെയ്യൽ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, എന്റെ മണ്ഡലത്തിലെ ഒരു യുവതിയെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തി, കുഴിച്ചിട്ട സംഭവമാണ് ഞാൻ അവതരിപ്പിക്കുന്നത്. വടക്കേക്കാട് പോലീസ് സ്റ്റേഷൻ പരിധിയിൽവരുന്ന അകലാട് കൊല്ലംപറമ്പിൽ ശ്രീ. അബൂബക്കറിന്റെ മകൾ റസിയയെയാണ് തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയത്. ജനുവരി 29-ന് രാത്രിയായിരുന്നു യുവതിയെ തട്ടിക്കൊണ്ടുപോയത്. സമീപത്തുള്ള ശ്രീ. നൂറുദ്ദീൻ എന്ന ആളാണ് യുവതിയെ തട്ടിക്കൊണ്ടുപോയത്. ഇതുസംബന്ധിച്ച് യുവതിയുടെ അച്ഛൻ വടക്കേക്കാട് പോലീസ് സബ് ഇൻസ്പെക്ടർക്ക് പരാതി സമർപ്പിക്കുകയുണ്ടായി. വളരെ വിചിത്രമായ നിലപാടാണ് ആ എസ്.ഐ. സ്വീകരിച്ചത്. 'യുവതി പോയിട്ടുണ്ടെങ്കിൽ തിരിച്ചുവന്നുകൊള്ളും' എന്ന മറുപടിയാണ്

എസ്.ഐ. നൽകിയത്. മാത്രമല്ല, ഈ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യാനോ എന്തെങ്കിലും തരത്തിലുള്ള അന്വേഷണം നടത്താനോ ആ എസ്.ഐ. തയ്യാറായില്ല. ഫെബ്രുവരി മാസം 1–ാം തീയതി രാവിലെ ശ്രീ. നൂറുദീന്റെ ജ്യേഷ്ഠന്റെ വീട്ടുപറമ്പിലാണ് റസിയയുടെ ജഡം കുഴിച്ചിട്ട നിലയിൽ കാണപ്പെട്ടത്. ജനങ്ങൾ സ്വാഭാവികമായും രോഷാകുലരായി. എസ്.ഐ.–യെ കൊണ്ടുവന്നതിനുശേഷം ശവമെടുത്താൽ മതിയെന്ന് ജനങ്ങൾ ആവശ്യപ്പെട്ടു. ഗത്യന്തരമില്ലാതെ എസ്.ഐ.–യെ സ്ഥലംമാറ്റുകയാണുണ്ടായത്. സ്ത്രീപീഡനത്തെക്കുറിച്ച് ധാരാളം ചർച്ചകൾ നടന്നുവരുന്ന ഈ സമയത്തും എസ്. ഐ. സ്വീകരിച്ച നിലപാടിലെ ഗുരുതരമായ കൃത്യവിലോപം കണക്കിലെടുത്ത് കർശനമായ നടപടി ഇതുവരെ സ്വീകരിച്ചിട്ടില്ല, നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സംഭവത്തിൽ പ്രതിയായ ശ്രീ. നൂറുദീനെ പോലീസ് അറസ്റ്റ് ചെയ്തു. എന്നാൽ ഈ സംഭവം നേരിട്ടറിയാവുന്ന ശ്രീ. മുസ്തഫ എന്നയാളെ പോലീസ് കസ്റ്റഡിയിൽ എടുത്തെങ്കിലും പിന്നീട് വിട്ടയയ്ക്കുകയാണ് ചെയ്തത്. സംഭവത്തിന്റെ അന്വേഷണം കാര്യക്ഷമമാക്കാൻ ഒരു പ്രത്യേക ഏജൻസിയെ ഏൽപ്പിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ആഭ്യന്തരവകുപ്പുമന്ത്രിക്കും യുവതിയുടെ പിതാവ് പരാതി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കൃത്യമായ നടപടി എടുക്കണമെന്നാവശ്യപ്പെടുകയാണ്.

## <u>പ്രതികളെ അറസ്റ്റ് ചെയ്യൽ</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):</u> സർ, സമയത്തിന്റെ കുറവുകൊണ്ട് ഞാൻ ഡീറ്റെയിൽസിലേയ്ക്ക് പോകുന്നില്ല. ബഹുമാന്യനായ കെ.വി. അബ്ദുൾ ഖാദർ പറഞ്ഞ

കുറേ കാര്യങ്ങൾ ഗവൺമെന്റ് വളരെ ഗൗരവമായിട്ട് എടുക്കുകയാണ്. 29.01.2013 രാത്രി 9.30 മണി മുതൽ വീട്ടിൽ നിന്നും ഈ കുട്ടിയെ കാണാതായ താണ്. വിവരം യുവതിയുടെ പിതാവ് വടക്കേക്കാട് പോലീസ് സ്റ്റേഷനിൽ എത്തി വാക്കാൽ പറഞ്ഞ് നിൽക്കെ യുവതിയെ ആരോ കൂട്ടിക്കൊണ്ടുപോ യിട്ടുണ്ട് എന്ന് ഫോൺ സന്ദേശം വന്നുവെന്ന് പറഞ്ഞ് ഈ രക്ഷകർത്താവ് മടങ്ങിപ്പോകുകയാണുണ്ടായത്. 01.02.2013 രാവിലെ റസിയയുടെ വീട്ടിൽ നിന്ന് ഉദ്ദേശം 100 മീറ്റർ അകലെയുള്ള ശ്രീ. നൂറുദ്ദീൻ എന്നയാളുടെ വീടിനു പുറകിൽ നിന്നും എന്തോ ദുർഗ്ഗന്ധം വരുന്നതായും വീടുനുപുറകിൽ മണ്ണി ളകി കിടക്കുന്നതായും നാട്ടുകാരുടെ ശ്രദ്ധയിൽപ്പെട്ടു. ആ ഭാഗത്ത് മണ്ണ് മാന്തി നോക്കിയപ്പോൾ റസിയ സാധാരണ ധരിക്കാറുള്ള ചുരിദാറിന്റെ ഭാഗം കണ്ടതിനാൽ ഉടൻതന്നെ റസിയയുടെ മാതൃസഹോദരൻ ശ്രീ. അബ്ദുള്ള വടക്കേക്കാട് പോലീസ് സ്റ്റേഷനിൽ നേരിട്ടെത്തി വിവരം അറിയിച്ചതിൻ പ്രകാരം പോലീസ് ശ്രീ. അബ്ദുള്ളയുടെ മൊഴി രേഖപ്പെടുത്തിയതിനുശേഷം സ്ഥലത്തെത്തി മണ്ണ് മാറ്റി റസിയയുടെ മൃതദേഹം പുറത്തെടുത്തു. കുറച്ചു നാളുകളായി മേൽപ്പറഞ്ഞ ശ്രീ. നൂറുദ്ദീനും റസിയയും തമ്മിൽ സ്നേഹ ബന്ധത്തിലായിരുന്നുവെന്നും ശ്രീ. നൂറുദ്ദീൻ റസിയയെ കൊലപ്പെടുത്തി കുഴിച്ചുമൂടിയതാണെന്നും ശ്രീ. അബ്ദുള്ള മൊഴിയിൽ പറഞ്ഞിരുന്നതിനാൽ ശ്രീ. നൂറുദ്ദീനെ പ്രതിയാക്കി ഇൻഡ്യൻ ശിക്ഷാ നിയമം 302-ാം വകുപ്പ് പ്രകാരം ക്രൈം 100/2013 ആയി കേസ്സ് രജിസ്റ്റർ ചെയ്തു. തുടർന്ന് ചാവക്കാട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം ഏറ്റെടുത്ത് 02.02.2013-ന് ചാവക്കാട് തഹസിൽദാരെകൊണ്ട് ഇൻക്വസ്റ്റും തൃശ്ശൂർ മെഡി ക്കൽ കോളേജ് ആശുപത്രിയിൽവച്ച് പോസ്റ്റ്മാർട്ടവും നടത്തിയശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. വായും മൂക്കും പൊത്തിപ്പിടിച്ച്

ശ്വാസം മുട്ടിയാണ് മരണം സംഭവിച്ചതെന്ന് പോസ്റ്റുമാർട്ടം റിപ്പോർട്ടിൽ ഡോക്ടർമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. റസിയയെ കാണാത്തതിനെതുടർന്ന് ശ്രീ. നൂറൂദ്ദീനോടൊപ്പം പോയതാണെന്ന് സംശയിച്ച് മേൽപ്പറഞ്ഞ ശ്രീ. നൂറൂദ്ദീനെ 30.01.2013 – ന് നാട്ടുകാർ തടഞ്ഞുവച്ച് ചോദ്യം ചെയ്തതറിഞ്ഞ് വടക്കേക്കാട് എസ്.ഐ. ടിയാളെ സ്റ്റേഷനിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്ന് ചോദ്യം ചെയ്തെങ്കിലും കുറ്റകൃത്യത്തെപ്പറ്റി ടിയാൻ യാതൊന്നും പറയാത്തതിനാൽ അന്നേദിവസം രാത്രി 8.30–ന് ടിയാനെ ബന്ധുക്കളോടൊപ്പം വിട്ടയച്ചുവെന്നാണ് എനിക്ക് പോലീസിൽ നിന്നും കിട്ടിയിട്ടുള്ള റിപ്പോർട്ട്. നിയമസഭയിൽ അങ്ങ് ഈ പ്രശ്നം ഉന്നയിച്ചതിന്റെ കൂടി അടിസ്ഥാനത്തിൽ ഞാൻ തൃശ്ശൂർ റേഞ്ച് ഐ.ജി. ശ്രീ. ഗോപിനാഥനെക്കൊണ്ട് ഇത് അന്വേഷിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. അതിനകത്ത് സബ്ഇൻസ്പെക്ടറുടെ ഇനാക്ഷൻ എന്തുണ്ട് എന്ന് പരിശോധിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

## യഹിയയുടെ മരണം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, എന്റെ നിയോജക മണ്ഡലത്തിലെ താനൂർ പോലീസ് അറസ്റ്റ് ചെയ്ത് കോടതി റിമാൻഡ് ചെയ്ത യഹിയ ചെറിയകത്ത് എന്ന് 44 വയസ്സുകാരൻ ഇക്കഴിഞ്ഞ 08–ാം തീയതി വെള്ളിയാഴ്ച തിരൂർ സബ്ജയിലിൽ വച്ച് മരണപ്പെട്ടിരിക്കുകയാണ്. ഒരു അടിപിടി നടക്കുന്ന സമയത്ത് സമാധാനിപ്പിക്കാൻ ശ്രമിച്ച നിരപരാധിയായ ഇദ്ദേഹത്തെ കേസ്സിൽ പ്രതിചേർക്കുകയും 27.01.2013–ന് ഇദ്ദേഹത്തെ അന്വേഷിച്ച് വീട്ടിലെത്തിയ പോലീസ് ഭീഷണിപ്പെടുത്തി വീട്ടിനകത്തുകയറുകയും സ്ത്രീകളും കുട്ടികളും വാവിട്ടുകരഞ്ഞപ്പോൾ ഇദ്ദേഹം പുറത്തിറങ്ങി ഓടുകയും ചെയ്തു. അരകിലോമീറ്റർ ദൂരത്തോളം ഇദ്ദേഹത്തെ ഓടിച്ച്

ഒടുവിൽ എളാരംകടപ്പുറം എന്ന സ്ഥലത്തുവച്ച് ഒരു വീട്ടിൽ കയറി പിടികൂടുകയും കൂടെനിൽക്കുന്ന സ്ത്രീകൾക്കിടയിൽ നഗ്നനായി നിർത്തി ക്രൂരമായി മർദ്ധിക്കുകയും ചെയ്തു. നാട്ടിൽ മാന്യമായി ജീവിതം നയിക്കുന്ന ഇദ്ദേഹത്തിന്റെ മകളുടെ വിവാഹാലോചനയുടെ തലേന്നാളാണ് പോലീസ് ഈ ക്രൂരത കാണിച്ചത്. റിമാൻഡിൽ കഴിഞ്ഞിരുന്ന ഇദ്ദേഹത്തിന് ജാമ്യം നൽകുന്നതിനെയും കോടതിയിൽ പോലീസ് പലതവണ എതിർത്തു. യഥാർത്ഥ പ്രതികളെ ഇതുവരെ പിടികൂടിയിട്ടുമില്ല. മർദ്ദനത്തിൽ പരിക്കേറ്റതിനെത്തുടർന്ന് അപമാനഭാരം താങ്ങാനാവാത്തതിനാൽ മാനസിക സംഘർഷംമൂലം ജയിലിൽ കഴിഞ്ഞ അദ്ദേഹം മരിക്കുകയാണുണ്ടായത്. ഇതിനു കാരണക്കാരായ പോലീസുകാരെ സസ്പെന്റുചെയ്യണമെന്നും ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്തണമെന്നും ആവശ്യപ്പെടുന്നു.

<u>യഹിയയുടെ മരണം</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):</u> സർ, ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ പറഞ്ഞതനുസരിച്ച് ഞാൻ ആ കേസ്സിന്റെ ബാക്ക്ഗ്രൗണ്ട് ഒരു നിമിഷംകൊണ്ട് പറയുകയാണ്. 25.01.2013 രാത്രി 11 മണിയോടുകൂടി താനൂർ പി.വി എസ്റ്റേറ്റിന് സമീപം വച്ച് താനൂർ പരിയാരം സ്വദേശി ശ്രീനാഥിനെ ശ്രീ. സലാം, ശ്രീ. യഹിയ എന്നിവർച്ചേർന്ന് കുത്തികൊലപ്പെടുത്താൻ ശ്രമിച്ചതിന് താനൂർ പോലീസ് സ്റ്റേഷനിൽ ഇൻഡ്യൻ ശിക്ഷാ നിയമം 341, 308, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 76/13 ആയി ഒരു കേസ്സ് രജിസ്റ്റർ ചെയ്തു. ഈ കേസ്സിലെ പ്രതിയായ യഹിയയെ 27.01.2013 തീയതിയിൽ ടിയാന്റെ വീട്ടുപരിസരത്തുനിന്നും പോലീസ് അറസ്റ്റ് ചെയ്തു. 28.01.2013 തീയതിൽ താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മെഡിക്കൽ പരിശോധനയ്ക്ക് വിധേയനാ

ക്കിയതിനുശേഷം പരപ്പനങ്ങാടി ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കി റിമാൻഡ് ചെയ്ത് തിരൂർ സബ്ജയിലിൽ പാർപ്പിച്ചു. കോടതിയിൽ ഹാജരാക്കിയ സമയം പോലീസുകാർക്കെതിരെ ടിയാൻ പരാതിയൊന്നും ഉന്നയിച്ചിരുന്നില്ല. ഇതാണ് എനിക്ക് കിട്ടുന്ന റിപ്പോർട്ട്. എങ്കിലും അങ്ങിവിടെ സൂചിപ്പിച്ച പ്രകാരം പോലീസിന്റെ മർദ്ദന മേറ്റതുകൊണ്ടാണ് മരിക്കാനിടയായതെന്ന് യഹിയയുടെ സഹോദരൻ ശ്രീ. മുഹമ്മദ് റാഫി ഒരു ആരോപണം ഉന്നയിച്ചിട്ടുണ്ട്. യഹിയയെ അന്വേഷിച്ച് പോലീസ് വീട്ടിൽച്ചെന്നപ്പോൾ അവിടെ നിന്നും ഓടിപ്പോയ യഹിയയെ പോലീസ് പിൻതുടർന്ന് പിടിക്കുകയാണുണ്ടായത്. ഇത് സംബന്ധിച്ച് ജില്ലാ പോലീസ് മേധാവിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. അത് ലഭിച്ചു കഴിഞ്ഞാലുടൻ മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

## പെൺകുട്ടിക്കെതിരെ ഉണ്ടായ ലൈംഗിക പീഡനം

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൊട്ടാരക്കരയിൽ കഴിഞ്ഞ ദിവസം തമിഴ്നാട് തൂത്തുക്കുടി സ്വദേശിനിയായ ഒരു പെൺകുട്ടിക്ക് ഉണ്ടായ അനുഭ വമാണ് ഞാനിവിടെ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഇന്നലെ രാവിലെ കൊട്ടാരക്കര താലൂക്കാശുപത്രിയിൽ തൂത്തുക്കുടി സ്വദേശിനിയായ ഒരു തമിഴ്നാട് പെൺകുട്ടി പലരാൽ പീഡിപ്പിക്കപ്പെട്ട് അഡ്മിറ്റ് ചെയ്തി ട്ടുള്ളതായി ഒരു ഫോൺ മെസ്സേജ് കിട്ടി വിവരമറിഞ്ഞാണ് ഞാൻ ഹോസ്പിറ്റ ലിലേയ്ക്ക് ചെല്ലുന്നത്. ഡോക്ടർമാരുമായി ഞാൻ സംസാരിച്ചു, ആ പെൺകുട്ടിയെപ്പോയി കണ്ടു. വളരെ അവശയായി ഇരിക്കുന്ന പത്ത് പതി നഞ്ച് വയസ്സുതന്നെ കഷ്ടിച്ച് തോന്നുന്ന ചെറിയ ഒരു പെൺകുട്ടി ഒന്നും അധികം മിണ്ടാൻപ്പോലും കഴിയാത്ത ഒരു അവസ്ഥയിലാണ് എനിക്ക്

കാണാൻ കഴിഞ്ഞത്. ആ കുട്ടി പറഞ്ഞ വിവരം, തൂത്തുക്കുടിയിലെ അവരുടെ സ്വദേശത്തുനിന്നും ശ്രീ. രാജേഷ് എന്നുപറയുന്ന ഒരാൾ പറഞ്ഞത നുസരിച്ച് ഒരു വണ്ടിയിൽ കയറി, വഴിക്കുവച്ച് രണ്ടുപേരുകൂടി ആ വണ്ടിക്ക കത്ത് കയറിയിട്ട് കന്യാകുമാരിയിലെ ഒരു ലോഡ്ജിൽ റൂം എടുത്ത് താമസി ച്ചുവെന്നും ഈ കുട്ടിക്ക് ഉറക്കഗുളിക കൊടുത്ത് ഉറങ്ങിപ്പോയിയെന്നും അങ്ങനെ എന്തൊക്കെ സംഭവിച്ചുവെന്ന് അറിയാൻ കഴിയുന്നില്ലെന്നും അതി നുശേഷം വണ്ടിയിൽ കയറ്റി കൊട്ടാരക്കരയിൽ കൊണ്ടിറക്കിയിട്ട് ഇപ്പോൾ വരാം എന്നുപറഞ്ഞ് ശ്രീ. രാജേഷ് പോയി എന്നുമാണ് എന്നോട് പറഞ്ഞത്. ഇത്രയും പറയാൻതന്നെ ആ കുട്ടിക്ക് കുറെ സമയം എടുക്കേണ്ടി വന്നു. ഒന്നും സംസാരിക്കാൻ കഴിയാത്ത, ഉറക്കം നന്നായി തെളിയാത്ത ഒരു മൂഡി ലാണ് ആ കുട്ടിയെ കാണാൻ കഴിഞ്ഞത്. പത്രങ്ങളിൽ വന്ന വാർത്തയും പോലീസുകാരുമായി ബന്ധപ്പെട്ടപ്പോഴും കൂടുതൽ കാര്യങ്ങളെപ്പറ്റി അന്വേഷി ച്ചപ്പോഴുമൊക്കെ ഈ കുട്ടി എങ്ങനെയിവിടെ വന്നുവെന്നതിനെക്കുറിച്ച് ഒരു കാര്യവും പറയുന്നില്ല. തീർച്ചയായും ഈ കുട്ടി ഇവിടെ എങ്ങനെ എത്തിപ്പെ ട്ടു, ആരൊക്കെ ഈ കുട്ടിയെ പീഡിപ്പിച്ചിട്ടുണ്ട്, ഈ കുട്ടിയുടെ കുടുംബ പശ്ചാത്തലം എന്താണ് എന്നൊക്കെ അന്വേഷിക്കേണ്ടതുണ്ട്. ഇപ്പോൾ ഡിവൈ.എസ്.പി.യെ വിളിച്ച് സംസാരിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് കൊട്ടാ രക്കരയ്ക്കടുത്തുള്ള മൈലത്ത് ഈ കുട്ടിയുടെ അച്ഛൻ ഉണ്ടായിരുന്നു എന്നൊക്കെയാണ്. അങ്ങനെയുണ്ടെങ്കിൽ ഈ കുട്ടിക്ക് എന്താണ് സംഭവിച്ചി ട്ടുള്ളത്? പഠിക്കേണ്ട കുട്ടി എട്ടാം ക്ലാസ്സിലെ പഠിത്തവും നിർത്തിയിട്ട് അവിടെ ഒരു അരക്ഷിതമായ സാഹചര്യത്തിൽ ജീവിച്ച് വളർന്നിട്ടുണ്ടെങ്കിൽ ആ കുട്ടിക്കൊരു രക്ഷയില്ലാത്ത അവസ്ഥയിലാണ്. പലരാൽ പീഡിപ്പിക്കപ്പെട്ടി ട്ടുണ്ട്. ഇതിന്റെയെല്ലാം ഉത്തരവാദികളെ കണ്ടെത്തുന്ന ഒരു കൃത്യമായ

അന്വേഷണം തീർച്ചയായും ഉണ്ടാകണം. കൊട്ടാരക്കരയിൽ വച്ചാണ് ഈ കുട്ടിയെ നാട്ടുകാർ ആശുപത്രിയിലാക്കിയത്. ഇത്തരം വിഷയങ്ങൾ, ഇന്നത്തെ ദിവസംതന്നെ ഇവിടെയുണ്ടായ പ്രശ്നങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും രക്ഷയില്ലാത്ത അവസ്ഥ എന്നുമുണ്ടായിക്കൊണ്ടേയിരിക്കുന്നുവെന്നുള്ള ദൗർഭാഗ്യകരമായിട്ടുള്ള അവസ്ഥയാണ്. ഇക്കഴിഞ്ഞ ദിവസം ഒരു അധ്യാപകന്റെ അസഭ്യ പരാമർശം, അതിവിടെ പറയാൻ കൊള്ളില്ല. ഡോ. രജിത്കുമാർ സ്ത്രീകൾക്ക് അവബോധമുണ്ടാക്കാൻ ഒരു യാത്ര നടത്തിയിട്ട് സംസാരിച്ചത് ഒരു മനുഷ്യന് ചേർന്ന പ്രസംഗമല്ല. ഇത്തരത്തിൽ സ്ത്രീകളേയും കുട്ടികളേയും അവഹേളിക്കുന്ന സ്ത്രീത്വത്തെ അപഹേളിക്കുന്ന നിരവധി അനുഭവങ്ങൾ ദിവസവും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഇപ്പോൾ കോടതികൾ രൂപീകരിക്കുന്നു, പോലീസിന് കർശനമായ ഡയറക്ഷൻസ് കൊടുക്കുന്നു, പുതിയ നിയമം കൊണ്ടുവരുന്നുവെന്നെല്ലാം പറയുന്നു. നിയമങ്ങളില്ലാത്തതല്ല ഇവിടത്തെ പ്രശ്നം. സ്ത്രീയോടും കുട്ടികളോടുമുള്ള മനുഷ്യന്റെ മനോഭാവം മാറണം. അല്ലാതെ കുട്ടികൾ പരാതി പറഞ്ഞാൽ അത് അങ്ങനെ നടക്കുന്നതാണ് എന്ന് പറയുന്നതാണ് പ്രശ്നം. സ്ത്രീകളെ അവഹേളിക്കുന്ന തരത്തിൽ ഉത്തരവാദിത്വപ്പെട്ടവരിൽ നിന്നുവരെ പരാമർശങ്ങൾ ഉണ്ടാകുന്നുവെന്നുള്ളതാണ് പ്രശ്നം. സമൂഹത്തിലെ ഈ മനോഭാവം മാറ്റിയെടുക്കാനുള്ള ശ്രമമാണ് വേണ്ടത്.

മി. ഡെപ്യൂട്ടി സ്പീക്കർ: മൂന്നര മിനിറ്റായി, പ്ലീസ് കൺക്ലൂഡ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൂടാതെ തൂത്തുക്കുടി സ്വദേശിനിയായ ഈ പെൺകുട്ടിക്ക് എല്ലാ സുരക്ഷിതത്വവും കൊടുക്കാനുള്ള നടപടി

കൾ വളരെ അടിയന്തരമായി ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തു നിന്നും മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. ആ പെൺകുട്ടിയെ ഇപ്പോൾ കൊല്ലം മഹിളാ മന്ദിരത്തിൽ ആക്കിയിട്ടുണ്ട്. ഈ കുട്ടിക്ക് ഇനി ജീവിതത്തിൽ ഒരു പ്രശ്നവും ഉണ്ടാകാൻ പാടില്ല. തമിഴ്നാട്കാരിയാണെന്ന് പറയാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാന്യയായ പി. അയിഷാ പോറ്റി, 4 മിനിട്ട് ആയി. സബ്മിഷനാണ്. പ്ലീസ് കൺക്ലൂഡ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, എന്റെ മണ്ഡലത്തിൽ ഒരു കുട്ടിയെ ഉപേക്ഷിച്ച വിഷയമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് അടിയന്തര പ്രമേയമായി കൊണ്ടുവരണ മായിരുന്നു. സബ്മിഷനാണ് 4 മിനിട്ടായി.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഈ മനോഭാവം മാറണം. ഞാൻ ഒരുപാട് സംസാരിക്കുന്ന ആളല്ല.

Mr. Deputy Speaker: Yes, please conclude, please resume your seat.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഈ കുട്ടിക്ക് എല്ലാ സംരക്ഷണവും നൽകാൻ ഗവൺമെന്റ് ശക്തമായ നടപടിയെടുക്കണം എന്നുള്ളതാണ് ഈ സബ്മിഷനിലൂടെ എനിക്ക് പറയാനുള്ളത്.

## പെൺകുട്ടിക്കെതിരെ ഉണ്ടായ ലൈംഗിക പീഡനം

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, തമിഴ്നാട് തൂത്തുക്കുടി സ്വദേശിനിയാണ് 15 വയസ്സുകാരി

യായ ഈ പെൺകുട്ടി. 09–02–2013 –ന് ഉച്ചകഴിഞ്ഞ് കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിലുള്ള പാലസ് ലാന്റ് ലോഡ്ജിനു സമീപം അലഞ്ഞു തിരിഞ്ഞ് നടക്കുന്ന അവസ്ഥയിൽ കാണപ്പെട്ടു. വിവരമറിഞ്ഞ ട്രാഫിക് പോലീസ് കുട്ടിയെ വൈകുന്നേരം 6 മണിയോടുകൂടി കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ കൂട്ടിക്കൊണ്ടുവന്നു. കുട്ടി തീരെ അവശനിലയിൽ ആയിരുന്നതിനാൽ വനിതാ പോലീസിന്റെ സഹായത്തോടെ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ചികിത്സയ്ക്ക് വിധേയയാക്കി. കുട്ടിയെ നോക്കുന്നതിനായി WPC 5526 ശ്രീമതി ജമൈല ബീവിയെ ചുമതലപ്പെടുത്തി. 10–02–2013 –ന് രാവിലെ കൊട്ടാരക്കര വനിതാ സി.ഐ. കുട്ടിയുടെ മൊഴി രേഖപ്പെടുത്തിയതിൽ 08–02 –2013 രാവിലെ തൂത്തുക്കുടിയിലെ വെള്ളയൂരിൽ നിന്നും പെൺകുട്ടിയെ കാമുകനായ ശ്രീ. രാജേഷ് കന്യാകൂമാരിയിൽ പോകാമെന്നുപറഞ്ഞ് മാരുതി കാറിൽ കയറ്റിക്കൊണ്ടു പോവുകവഴി മറ്റ് രണ്ടുപേർ കൂടി കാറിൽ കയറുകയും കന്യാകുമാരിയിൽ എത്തി ബസ് സ്റ്റാന്റിലുള്ള അഞ്ച് നില ലോഡ്ജിൽ രണ്ടുമുറിയെടുത്ത് താമസിച്ച് മുറിയിൽ വച്ച് മരുന്നാണെന്ന് പറഞ്ഞ് ശ്രീ. രാജേഷ് കുട്ടിക്ക് ഉറക്കഗൂളിക കൊടുത്തതായും തുടർന്ന് അടുത്ത മുറിയിൽ താമസിച്ചിരുന്ന രണ്ടുപേരും രാജേഷും ചേർന്ന് ലൈംഗികമായി പീഡിപ്പിച്ചതായും 09–02–2013–ന് രാവിലെ കേരളം വഴിപോകാം എന്നു പറഞ്ഞ് കാറിൽ കയറ്റി ഉച്ചയോടുകൂടി കൊട്ടാരക്കര കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിന് മുൻവശം ഇറക്കിവിട്ട് പോയതാണെന്നും പറഞ്ഞു. ഈ മൊഴിപ്രകാരം കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 316/13 under section 366 A, 376, 341 IPC and Section 3 & 4 of Protection of Children from Sexual Offences Act ആയി കേസ് രജിസ്റ്റർ ചെയ്തു. ക്ഷീണം മാറിയ

ശേഷം കുട്ടിയെ 10–02–2013–ന് വൈകുന്നേരം ബഹുമാനപ്പെട്ട കൊല്ലം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ മുമ്പാകെ ഹാജരാക്കി കോടതിയുടെ നിർദ്ദേശപ്രകാരം കൊല്ലം കരിക്കോട്ടുള്ള മഹിളാമന്ദിരത്തിൽ പാർപ്പിച്ചുവരുന്നു. ഈ കേസിന്റെ കൃത്യസ്ഥലം കന്യാകുമാരി ജില്ലയാണെന്ന് മൊഴിയിൽ പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഈ കേസ് 10–02–2013 തീയതിയിൽ തന്നെ തമിഴ്നാട് പോലീസിന് കൈമാറിയിട്ടുള്ളതാണ്. പെൺകുട്ടിയെ ഇന്ന് അതായത് 11–02–2013–ന് വീണ്ടും കോടതിമുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. കുട്ടിയുടെ അമ്മ ശ്രീമതി ഗീത, അമ്മൂമ്മ ശ്രീമതി ലീല എന്നിവർ സ്ഥലത്തെത്തിയിട്ടുണ്ട്. കുട്ടിയെ പീഡിപ്പിച്ചതായി പറയുന്ന ശ്രീ. രാജേഷിനേയും പോലീസ് പിടികൂടി കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്ന് ചോദ്യം ചെയ്തുവരുന്നു. മാതാവിന്റെയും അമ്മൂമ്മയുടെയും മൊഴികളിൽ കുട്ടിയെ മാനസിക രോഗത്തിന് ചികിത്സിച്ചിട്ടുള്ളതായും അതിനുമുമ്പ് പല സ്ഥലങ്ങളിലും കൊണ്ടുചെന്നാക്കിയപ്പോൾ അവിടെനിന്നും ചാടിപ്പോയിട്ടുള്ളതായും അവർ പറഞ്ഞു. ശ്രീ. രാജേഷിനെ ചോദ്യം ചെയ്തതിൽ അയാൾക്ക് പെയിന്റിംഗ് പണിയാണെന്നും അയാൾക്ക് കാറില്ലെന്നും ഉദ്ദേശം ഒരുമാസം മുമ്പ് കുട്ടിയെ കണ്ടിരുന്നു എന്നും പറഞ്ഞിട്ടുണ്ട്. പക്ഷെ നമ്മൾ അതൊന്നും ഗൗരവത്തിലെടുക്കുന്നില്ല. സംസ്ഥാന ഗവൺമെന്റിന് ചെയ്യാവുന്ന കാര്യങ്ങൾക്ക് പരിമിതികളുണ്ട്. കാരണം place of occurrence മറ്റൊരു സ്റ്റേറ്റിലാകുമ്പോൾ ..........

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, കൊട്ടാരക്കരയിൽ ആണല്ലോ കുട്ടി വന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ഞാൻ വായിച്ച ഈ മൊഴിക്കകത്തു നിന്ന് വക്കീലായ അങ്ങേയ്ക്ക് എന്തുതോന്നുന്നു. അങ്ങ് ഒരു അഭിഭാഷക കൂടിയല്ലേ. അന്യ സംസ്ഥാനത്തുനിന്ന് വന്ന് ഇവിടെ അലഞ്ഞുതിരിഞ്ഞ് കണ്ടെത്തിയ ഒരു പെൺകുട്ടിക്ക് ആവശ്യമായ സംരക്ഷണവും നിയമത്തിന്റെ പ്രൊട്ടക്ഷനും നമ്മുടെ ഗവൺമെന്റ് കൊടുത്തു. ഇതാണ് നമ്മുടെ ഗവൺമെന്റ് ചെയ്തിട്ടുള്ളത്.

## <u>പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ</u>

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: സർ, കേരള വാട്ടർ അതോറിറ്റി തൃശ്ശൂർ പി.എച്ച് സർക്കിളിന്റെ കീഴിലുള്ള പാവറട്ടി ശുദ്ധജല പദ്ധതിയുടെ ഭാഗമായ കുന്നംകുളം, ഗുരുവായൂർ, ചാവക്കാട് സി.ഡബ്ലിയൂ എസ്.എസ് സ്കീമിന്റേതായ കുന്നംകുളം ഗേൾസ് ഹൈസ്കൂൾ മുതൽ ചാട്ടുകുളം വരെ യുള്ള രണ്ടര കിലോമീറ്റർ ദൂരം വരുന്ന ഭാഗത്തെ 700 എം.എം. പ്രിമോ പൈപ്പ് കാലപ്പഴക്കത്താൽ പൊട്ടി ശുദ്ധജലക്ഷാമം നിരന്തരം അനുഭവപ്പെട്ടു വരികയാണ്. അതിലുപരി ഗുരുവായൂർ അമ്പലത്തിലേയ്ക്കുള്ള അന്യ സംസ്ഥാന ഭക്തരുടെ വാഹനങ്ങളടക്കം ആയിരക്കണക്കിന് വാഹനങ്ങൾ പോകുന്ന വളരെ ഗതാഗതത്തിരക്കുള്ള കുന്നംകുളം-ഗുരുവായൂർ പി.ഡബ്ള്യു.ഡി റോഡിന്റെ അടിയിൽക്കൂടിയാണ് മേൽപ്പറഞ്ഞ പൈപ്പ്ലൈൻ കടന്നുപോയിട്ടുള്ളത്. കാലപ്പഴക്കത്താൽ ഇത് ഇടയ്ക്കിടെ പൊട്ടി റോഡിൽ വലിയ ഗർത്തങ്ങൾ ഉണ്ടായി അതിൽ വാഹനങ്ങൾ വന്ന് വീണ് അപകട ങ്ങൾ ഉണ്ടാവുകയും ജീവഹാനി സംഭവിക്കുകയും മാരകമായ പരിക്ക് പറ്റു കയും ചെയ്യുന്നത് പതിവായിക്കൊണ്ടിരിക്കുകയാണ്. തൊട്ടപ്പുറത്തുള്ള പാറയംപാടം മുതൽ ഈ പറയുന്ന ചാട്ടുകുളം വരെയുള്ള ഏതാണ്ട് ഒന്നര-രണ്ട് കിലോമീറ്ററോളം വരുന്ന പ്രദേശത്താണ് കാലാവധി കഴിഞ്ഞിട്ടും ഒരു

പാട് വർഷങ്ങളായിട്ടുള്ള പ്രീമോ പൈപ്പ് പൊട്ടി അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. 13-ഓളംപേർ വിവിധ സമയത്തായി ഇവിടെ മരണപ്പെട്ടിട്ടുണ്ട്. നിരവധി ആളുകൾക്ക് പരിക്ക് പറ്റിയിട്ടുണ്ട്. ഈ പ്രദേശത്തെ റോഡ് നന്നാക്കുന്നതിനായി പി.ഡബ്ള്യു.ഡി. തുക അനുവദിച്ച് ഭരണാനുമതിയും ടെണ്ടറും എഗ്രിമെന്റും ഒക്കെയായിട്ട് ഇപ്പോൾ ഒന്നര വർഷമായി. റോഡിനടിയിലൂടെയുള്ള കാലപ്പഴക്കം ചെന്ന പൈപ്പ്ലൈൻ മാറ്റാതെ റോഡ് നന്നാക്കിയിട്ട് ഒരു പ്രയോജനവുമില്ല. പൈപ്പ് ലൈൻ പൊട്ടി കുടിവെള്ളം ലഭിക്കാത്തതുകൊണ്ടും റോഡ് തകർന്ന് വാഹനാപകടങ്ങൾ നിരന്തരമായി ഉണ്ടാകുന്നതുകൊണ്ടും ജനങ്ങൾ ആകെ പ്രതിഷേധത്തിലും പ്രയാസത്തിലുമാണ്. പൈപ്പ് ലൈൻ മറ്റി സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ എഞ്ചിനീയർമാർ 2 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. വളരെ അടിയന്തരമായി ഈ പ്രശ്നത്തിൽ ഇടപെട്ട് പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ</u>

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>): സർ, ശ്രീ. ബാബു എം. പാലിശ്ശേരി ഈ വിഷയം ഇതിനുമുമ്പും എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കുന്നംകുളം മുതൽ ചാട്ടുകുളം വരെയുള്ള ഭാഗത്തെ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിലേയ്ക്കായി 200 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. 2013-2014-ലെ പൈപ്പ് മാറ്റിയിടൽ ഹെഡ്ഡിൽപ്പെടുത്തി ചെയ്യുവാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ എം.എൽ.എ. നൽകിയ കത്തിൻപ്രകാരം പ്രസ്തുത പ്രവൃത്തി വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നേരത്തെ ചെയ്യുവാൻ കഴിയുമോയെന്ന കാര്യം ഗൗരവമായി പരിശോധിക്കുന്നതാണ്.

## ക്ഷേത്രം സ്ഥാനികമാരുടെ വേതനം വർദ്ധിപ്പിക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ക്ഷേത്രം സ്ഥാനികമാരുടെ ദുരിത പൂർണ്ണമായ ജീവിതം സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാനാണ് ഈ സബ്മി ഷനിലൂടെ ഞാൻ ആഗ്രഹിക്കുന്നത്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ ചില ഭാഗങ്ങളിൽ ആചാര സ്ഥാനികമാരാണ് ക്ഷേത്രങ്ങളിലെ കാർമ്മികർ. മണിയാണി, യാദവ, വാണിയ, പത്മശാലിയ, മുക്കുവ, മുകയർ, കൊശവ, കോലധാരികളായ വണ്ണാൻ, മലയൻ സമുദാങ്ങളിൽപ്പെട്ട ആയിര ത്തോളം വരുന്ന ക്ഷേത്ര സ്ഥാനികമാരുടെ ജീവിതം ദുരിതപൂർണ്ണമാണ്. ശ്രീ. കെ. സി. വേണുഗോപാൽ ദേവസ്വം വകുപ്പ് കൈകാര്യം ചെയ്യുമ്പോ ഴാണ് ഇവർക്ക് മാസം 575 രൂപ വേതനം കൊടുക്കാൻ തീരുമാനിച്ചത്. പിന്നീ ടത് 800 രൂപയായി വർദ്ധിപ്പിച്ചു. ഈ തുച്ഛമായ തുകകൊണ്ട് ഇവർക്ക് ജീവി ക്കുവാൻ സാധിക്കുകയില്ല. ജീവിതത്തിൽ ഉടനീളം അർദ്ധനഗ്നരായി ക്ഷേത്ര മതിലനകത്ത് കഴിയേണ്ടിവരുന്ന ഇവർക്ക് മറ്റ് വരുമാന മാർഗ്ഗങ്ങളുമില്ല. ഇവരുടെ പ്രാരാബ്ധങ്ങൾക്കും പ്രയാസങ്ങൾക്കും നേരെ പുറം തിരിഞ്ഞു നിൽക്കാതെ ക്ഷേത്രം സ്ഥാനികമാരുടെ വേതനം വർദ്ധിപ്പിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അപേക്ഷിക്കുന്നു. അതുപോലെതന്നെ ബഹുമാന പ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്ന മറ്റൊരു കാര്യം, 2012 ജൂൺ മാസം മുതൽ ക്ഷേത്രം സ്ഥാനികമാർക്ക് നൽകിക്കൊണ്ടിരിക്കുന്ന വേതനം മുടങ്ങിക്കിടക്കുകയാണ്. ധനസഹായം ലഭിക്കാത്ത നിരവധി ക്ഷേത്രം സ്ഥാനികമാർ 2011 ഫെബ്രുവരി മുതൽ അപേക്ഷ നൽകി കാത്തിരി ക്കുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്.

## ക്ഷേത്രം സ്ഥാനികമാരുടെ വേതനം വർദ്ധിപ്പിക്കൽ

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 2010-ലെ സർക്കാർ ഉത്തരവുപ്രകാരം ഉത്തരമല ബാറിലെ ക്ഷേത്ര ആചാര സ്ഥാനികമാർ, കോലധാരികൾ എന്നിവർക്ക് നൽകുന്ന ധനസഹായ പദ്ധതി അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും അർഹതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ആചാര സ്ഥാനികമാർക്ക് പ്രതിമാസം 800 രൂപയും കോലധാരിക്ക് 700 രൂപയും അനുവദിച്ചുവരുന്നുണ്ട്. 10.1.2011-ലെ സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയ 1203 ആചാര സ്ഥാനികമാർക്കും 278 കോലധാരിക്കും ഒരു വർഷത്തെ ധനസഹായ വിതരണത്തിന് ആകെ 1,38,84,000 രൂപ ആവശ്യമാണ്. ഇതുകൂടാതെ 690 പുതിയ അപേക്ഷകൾ സർക്കാർ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ഇപ്പോൾ സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുന്ന 690 അപേക്ഷകൾ അനുവദിക്കുകയാണെങ്കിൽ ഒരു വർഷത്തേയ്ക്ക് 65,17,200 രൂപ അധികമായി ആവശ്യമാണ്. ഇപ്രകാരം ഈ ഇനത്തിൽ ഒരു വർഷത്തേയ്ക്ക് മൊത്തം ആവശ്യമായ തുക 2,04,01,200 രൂപയാണ്. എന്നാൽ ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകത്തിൽ ഒരു കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന തുക വർദ്ധിപ്പിക്കാനും തീരുമാനമെടുക്കാതിരിക്കുന്ന അപേക്ഷകൾ തീരുമാനമെടുത്ത് അവർക്കുകൂടി ഈ അലവൻസ് നൽകുവാനും കൂടുതൽ തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുവാനുള്ള ശ്രമം നടത്തുന്നതാണ്.

## സ്വതന്ത്ര കൗൺസിൽ രൂപീകരണം

ശ്രീ. മോൻസ് ജോസഫ്: സർ, ഒക്കുപേഷണൽ തെറാപ്പിക്ക് കേരളത്തിൽ ഒരു സ്വതന്ത്ര കൗൺസിൽ രൂപീകരിക്കണമെന്ന ആവശ്യമാണ് ഞാൻ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ശാരീരികമോ മാനസികമോ വൈകാരികമോ ആയ പ്രശ്നങ്ങളുള്ള രോഗികളെ അവരുടെ പ്രവർത്തന മേഖലകളിൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ, അവരെ ജീവിതത്തിലേയ്ക്ക് തിരിച്ചു കൊണ്ടുവരാൻ ഏറ്റവും ആവശ്യമായിട്ടുള്ള ഒക്കുപേഷണൽ തെറാപ്പി കേരളത്തിൽ വേണ്ടത്ര പ്രാധാന്യത്തോടെ പ്രവർത്തിക്കുവാൻ കഴിയുന്നില്ല എന്നുള്ള പ്രശ്നമാണ് ഈ സബ്മിഷനിലൂടെ ഞാൻ കൊണ്ടുവന്നിട്ടുള്ളത്. മഹാരാഷ്ട്ര, ഗുജറാത്ത്, ഡൽഹി, മധ്യപ്രദേശ് തുടങ്ങിയ പല സംസ്ഥാനങ്ങളിലും ഒക്കുപേഷണൽ തെറാപ്പിക്ക് സ്വതന്ത്ര കൗൺസിലുകൾ ഇപ്പോൾതന്നെ നിലവിലുണ്ട്. കേരളത്തിലും ഒരു സ്വതന്ത്ര കൗൺസിൽ ഉണ്ടാവുകയാണെങ്കിൽ ഈ രംഗത്ത് കൂടുതൽ പ്രോത്സാഹനം കൊടുക്കുവാനും കൂടുതൽ പരിഗണന കൊടുക്കുവാനും നമുക്ക് കഴിയും. കേരളത്തിന്റെ അമൂല്യ വ്യക്തിത്വങ്ങളായ ശ്രീ. ജഗതി ശ്രീകുമാറും, കൈതപ്രം ശ്രീ ദാമോദരൻ നമ്പൂതിരിയും അടക്കം നമ്മുടെ സംസ്ഥാനത്ത് കൂടുതൽ ചികിത്സ വേണ്ടിവരുന്ന സന്ദർഭങ്ങളിൽ ചെന്നൈ കേന്ദ്രീകരിച്ചുള്ള ചികിത്സയ്ക്ക് നമ്മളെല്ലാം ആശ്രയിക്കേണ്ടിവരികയാണ്. വെല്ലൂർ ഹോസ്പിറ്റൽ നമുക്കൊരു അനുഗ്രഹമാണ്. കേരളത്തിൽ എന്തുകൊണ്ട് നമുക്ക് ഈ രംഗത്ത് മുന്നോട്ട് പോകാൻ കഴിയുന്നില്ല എന്ന പ്രധാനപ്പെട്ട പ്രശ്നം ഗൗരവമായി നമ്മുടെ സംസ്ഥാനം പരിശോധിക്കേണ്ട ഒരു കാര്യമാണ്. ഇതിലേയ്ക്ക് വരാൻ കഴിയണമെങ്കിൽ ഈ രംഗത്ത് കൂടുതൽ കോഴ്സുകൾ തുടങ്ങണം, കൂടുതൽ സ്ഥാപനങ്ങൾ ഉണ്ടാകണം, അതിന് പ്രോത്സാഹനം കൊടുക്കാൻ

കഴിയുന്ന സാഹചര്യങ്ങളുണ്ടാകണം. അതുകൊണ്ട് ഒക്കുപേഷണൽ തെറാപ്പിക്ക് സംസ്ഥാനതലത്തിൽ കൗൺസിൽ ഉണ്ടാവുകയാണെങ്കിൽ പ്രത്യേകമായി ഈ രംഗത്ത് പരിഗണനകൊടുക്കുവാനൊരവസരം അതിലൂടെ വരികയാണ്. അതു മാത്രമല്ല, ഇപ്പോൾ വിദ്യാഭ്യാസ യോഗ്യതയില്ലാത്തവരും ഇത് ദുർവിനിയോഗം ചെയ്യുന്നവരുമായ, യഥാർത്ഥ ചികിത്സ കൊടുക്കാൻ കഴിയാത്ത സാഹചര്യങ്ങൾ ഒക്കെ കണക്കിലെടുത്തുകൊണ്ട് ഇത് വളരെ കൃത്യതയോടുകൂടി നടപ്പാക്കാൻ കഴിയുന്ന ഒരു സാഹചര്യം നമുക്ക് ഈ രംഗത്ത് അനിവാര്യമാണ്. അതുകൊണ്ട് ഒക്കുപേഷണൽ തെറാപ്പി പ്രാക്ടീസ് ഏകീകരിക്കുന്നതിനും, ലൈസൻസിംഗ് സിസ്റ്റം കാര്യക്ഷമമായി നടത്തുന്നതിനും കോഴ്സുകൾ നിയന്ത്രിക്കപ്പെടുന്നതിനും ഫലപ്രദമായ കോഴ്സുകൾ നടത്തുന്നതിനും കോഴ്സുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താനും ഒക്കെകഴിയുന്ന വിധത്തിലുള്ള കൂടുതൽ പ്രാധാന്യം ഈ രംഗത്ത് കൊടുക്കേണ്ടതുണ്ട്. ശാരീരികമായും മാനസികമായും വൈകാരികമായും പ്രശ്നങ്ങൾ നേരിടുന്നവരുടെ എണ്ണം കേരളത്തിൽ പതിന്മടങ്ങ് വർദ്ധിച്ചിരിക്കുകയാണ്. വളരെ ഗൗരവമേറിയ ഒരു പ്രശ്നമെന്ന നിലയിൽ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് കേരളത്തിൽ കൗൺസിൽ രൂപീകരിക്കാനോ അല്ലെങ്കിൽ ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് നടപടികൾ സ്വീകരിക്കാനോ തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന.

**<u>സ്വതന്ത്ര കൗൺസിൽ രൂപീകരണം</u>**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സംസ്ഥാനത്ത് ഒരു പാരാമെഡിക്കൽ കൗൺസിൽ നിലവിലുണ്ട്. ഒക്കുപ്പേഷണൽ തെറാപ്പി ഒരു പ്രത്യേക ചികിത്സാ വിഭാഗമല്ല. ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകൾക്ക് സ്വതന്ത്രമായി രോഗികളെ കാണുവാനോ ചികിത്സാ രീതികൾ തീരുമാനിക്കുവാനോ കഴിയുകയില്ല. അതാത് വിഭാഗം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം പ്രവർത്തിക്കേണ്ട ഒരു പാരാമെഡിക്കൽ വിഭാഗമാണ് ഒക്കുപ്പേഷണൽ തെറാപ്പി. ആരോഗ്യ രംഗവുമായി ബന്ധപ്പെട്ട് ധാരാളം പാരാമെഡിക്കൽ വിഭാഗങ്ങൾ നിലവിലുണ്ട്. ഇതുപോലുള്ള പാരാമെഡിക്കൽ വിഭാഗങ്ങളെ ഉൾക്കൊള്ളുവാനാണ് പാരാമെഡിക്കൽ കൗൺസിൽ രൂപീകൃതമായത്. ഇവയ്ക്കെല്ലാം പ്രത്യേകം പ്രത്യേകം കൗൺസിലുകൾ രൂപീകരിക്കുന്നത് പ്രായോഗികമല്ല. നിലവിലുള്ള പാരാമെഡിക്കൽ കൗൺസിലിൽ ഒക്കുപ്പേഷണൽ തെറാപ്പി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

## വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം ഔപചാരികമായി കമ്മീഷൻ ചെയ്യുക

ശ്രീമതി ജമീലാ പ്രകാശം: സർ, 1962-ലാണ് അന്നത്തെ കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്ന എസ്.കെ. പാട്ടീൽ വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ തറക്കല്ലിടുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തത്. ഒന്നാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾക്കുവേണ്ടി 200 ലക്ഷത്തിൽപ്പരം രൂപയാണ് വകയിരുത്തിയിരുന്നത്. തക്കസമയത്ത് ശരിയായ രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ അന്ന് മുന്നോട്ടുപോയില്ല. നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത കോൺട്രാക്ടറുടെ ഭാഗത്തും ആദ്യകാലത്ത് വീഴ്ചയുണ്ടായി. ഒരുഘട്ടത്തിൽ കോൺട്രാക്ടറിൽ നിന്നും സ്റ്റേറ്റ് തന്നെ

നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയാണുണ്ടായത്. രണ്ടും മൂന്നും ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി കിട്ടാനും വളരെയേറെ കാലതാമസം വന്നു. 1984-ൽ മാത്രമാണ് അതിന് ഭരണാനുമതി ലഭിച്ചത്. 704 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് രണ്ടും മൂന്നുംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി ആദ്യം തയ്യാറാക്കിയത്. എന്നാൽ ഇതിനകംതന്നെ 15.86 ലക്ഷം രൂപ ഇതിനുവേണ്ടി ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നിട്ടുപോലും ഇതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കപ്പെട്ടിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം കമ്മീഷൻ ചെയ്യുന്നതിന് ചില പ്രായോഗിക തടസ്സങ്ങൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. നിർദ്ദിഷ്ട തുറമുഖ മേഖലയിൽ മുസ്ലീം മതവിഭാഗത്തിന്റെ ഒരു ഖബർ സ്ഥിതിചെയ്യുന്നുണ്ട്. പ്രസ്തുത ഖബർ സംരക്ഷിക്കുന്നതിന് ഉചിതമായ തീരുമാനം സർക്കാർ ഭാഗത്തുനിന്നും കൈക്കൊള്ളേണ്ടതായിട്ടുണ്ട്. നിർദ്ദിഷ്ട തുറമുഖത്തിന്റെ വടക്കുഭാഗത്ത് ഒരു പാർക്കിംഗ് ഏരിയ നിർമ്മിക്കണം. മത്സ്യബന്ധന തുറമുഖത്തിനാകെ ചുറ്റുമതിൽ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഈവക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പലതവണ ശ്രമിച്ചിട്ടും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും അവിടത്തെ വിവിധ ജനവിഭാഗങ്ങളുടെ പ്രതിനിധികളും തമ്മിൽ ധാരണയിലെത്താൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയും ജനപ്രതിനിധി എന്ന നിലയിൽ ഞാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും വിവിധ ജനവിഭാഗങ്ങളുടെ പ്രതിനിധികളെയും ക്ഷണിച്ചുവരുത്തി പലതവണ ചർച്ചകൾ നടത്തിയിട്ടുണ്ടെന്നുള്ള കാര്യവും ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈ എടുത്ത് ഒരു സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടി ഈ പ്രശ്ന

ത്തിന് പരിഹാരം കണ്ടെത്തുന്നതിനും മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഔപചാരികമായി തുറമുഖം കമ്മീഷൻ ചെയ്യുന്നതിനും നടപടി സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)

## വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം ഔപചാരികമായി കമ്മീഷൻ ചെയ്യുക

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിനുവേണ്ടി 704 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക് 1987–ൽ ഭരണാനുമതി ലഭിച്ചു. ഇതിൽ 270 മീറ്റർ നീളമുള്ള ഉപപുലിമുട്ട്, പ്രധാന പുലിമുട്ടിന്റെ നീളം 100 മീറ്റർ വർദ്ധിപ്പിക്കൽ, ആഫീസ് കെട്ടിട നിർമ്മാണം എന്നിവ പൂർത്തിയാക്കി. മത്സ്യ ബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനും പുന രധിവാസത്തിനും നേരിട്ട കാലവിളംബം കാരണം കീവാൾ, ലേലപ്പുര, ഗിയർഷെഡ് എന്നിവയുടെ നിർമ്മാണം യഥാസമയം ആരംഭിക്കുവാൻ കഴിഞ്ഞില്ല. ഒടുവിൽ ലഭ്യമായ സ്ഥലത്ത് 1995–ൽ മാത്രമാണ് ഇവയുടെ നിർമ്മാണം ആരംഭിച്ചത്. 500 മീറ്റർ നീളമുള്ള വാർഫ്, 1000 ച.മീറ്റർ വിസ്തീർണ്ണമുള്ള രണ്ട് ലേലപ്പുരകൾ, ആന്തരിക റോഡുകൾ, 4000 സ്ക്വയർ മീറ്റർ പാർക്കിംഗ് സ്ഥലം, ടോയ്‌ലറ്റ് എന്നിവ പൂർത്തീകരിച്ചു. ഈ പദ്ധതി ക്കുവേണ്ടി ഇതിനോടകം 1,665 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു. 1,583 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അനുമതിക്കായി കേന്ദ്ര സർക്കാ രിന് സമർപ്പിച്ചിരുന്നുവെങ്കിലും കേന്ദ്രസർക്കാർ ഈ പ്രവൃത്തിയുടെ പൂർത്തീ

കരണത്തിന് ഇനി തുക അനുവദിക്കുകയില്ലെന്ന് അറിയിച്ചിട്ടുണ്ട്. ഖബർ സംരക്ഷണം, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണം ഭാഗികമായി പൂർത്തിയാക്കിയിരുന്നതാണ്. എന്നാൽ പ്രാദേശിക പ്രശ്നങ്ങൾ മൂലമുണ്ടായ തടസ്സങ്ങൾ കാരണം പണി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഞാൻതന്നെ മുൻകൈ എടുത്ത് പല യോഗങ്ങൾ വിളിച്ചുചേർത്തുവെങ്കിലും തീരുമാനം ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. ഹാർബർ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതിനായി ഡ്രെഡ്ജിംഗ്, ഗേറ്റ് ഹൗസ്, യാർഡ് റൂം, സെപ്റ്റിക് ടാങ്ക് (വടക്കുഭാഗം), തെക്കുഭാഗത്തുള്ള ടോയ്‌ലറ്റുകളുടെ നിർമ്മാണം, വടക്കുഭാഗത്തുള്ള പാർക്കിംഗ് ഏരിയ നിർമ്മാണം, വൈദ്യുതീകരണം, ജലവിതരണം എന്നിവ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ പ്രായോഗിക തടസ്സങ്ങൾ നീക്കുന്നതിന് ഉദ്യോഗസ്ഥതലത്തിലും, എം.എൽ.എ. തലത്തിലും ഗവൺമെന്റ് തലത്തിലും പല ഘട്ടങ്ങളിലായി നാട്ടുകാരുമായും, സാമുദായിക സംഘടനകളുമായും, ജനപ്രതിനിധികളുമായും ചർച്ച നടത്തിയെങ്കിലും നാളിതുവരെ ഈ വിഷയം രമ്യമായി പരിഹരിക്കാൻ സാധിച്ചിട്ടില്ല. ചില വൈകാരിക പ്രശ്നങ്ങൾ ഇതിന്റെ പിന്നിലുണ്ട്. ഞാൻ എല്ലാം ഇപ്പോൾ വിശദീകരിക്കുന്നില്ല. ഏതായാലും ഇത് പൂർത്തീകരിക്കുന്നതിനുവേണ്ടി............, ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിച്ചാലും ഇതിനകത്ത് ഒരു മാറ്റമുണ്ടാകില്ല. കാരണം അവിടെ ഗവൺമെന്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിലവിലില്ല, പ്രാദേശികമായിട്ടുള്ള വൈകാരിക പ്രശ്നങ്ങളാണ് നിലവിലുള്ളത്. അതുകൊണ്ട് ഇനിയും ഇതിനുവേണ്ടിയുള്ള ശ്രമങ്ങൾ ഗവൺമെന്റ് ഊർജ്ജിതമായി നടത്തുന്നതാണ്.

## കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണം

ശ്രീ. കെ. ദാസൻ: സർ, കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന്റെ പ്രാരംഭനടപടികൾ 1998–99 കാലഘട്ടത്തിൽ ആരംഭിച്ചിരുന്നു. ഗവൺമെന്റ് ഉത്തരവുപ്രകാരം 3,545 ലക്ഷം രൂപ അനുമതി ലഭിക്കുകയും ഹാർബർ നിർമ്മാണത്തിന്റെ നടപടികളുമായി മുന്നോട്ടുപോകുകയുമുണ്ടായി. ഹാർബർ നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ച സമയത്ത് കേസ് കാരണം കാലതാമസം വരികയുണ്ടായി. സുപ്രീംകോടതിയിൽ പ്രഗത്ഭരായ അഭിഭാഷകരെവച്ച് കേസ് നടത്തിയതിനെത്തുടർന്ന് 2007–ൽ ഹാർബറിന്റെ നിർമ്മാണം പുനരാരംഭിക്കുകയും ഹാർബറിന്റെ നിർമ്മാണ കാലാവധി 2011 മാർച്ച് 31 വരെയായി സർക്കാർ നീട്ടിക്കൊടുക്കുകയും ചെയ്തിരുന്നു. ഇപ്പോൾ ഹാർബറിന്റെ പ്രവർത്തനമൊന്നും നടക്കുന്നില്ല. കരാറുകാരൻ പ്രവർത്തനം പൂർത്തീകരിച്ച് ജോലി അവസാനിപ്പിച്ചിരിക്കുകയാണ്. ബ്രേക്ക് വാട്ടർ നിർമ്മാണം ഇതുവരെ പൂർത്തിയായിട്ടില്ല. വടക്കുഭാഗം ബ്രേക്ക് വാട്ടർ 85 മീറ്റർ ദീർഘിപ്പിക്കുന്ന പ്രവൃത്തി ഇനിയും ചെയ്യാനുണ്ട്. ജെട്ടി, ലേലപ്പുര, ബണ്ട് എന്നിവയുടെ നിർമ്മാണം ഇനിയും തുടങ്ങേണ്ടതായിട്ടുണ്ട്. ഇതോടൊപ്പം ഹാർബറിന്റെ അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളായ പാർക്കിംഗ് ഏരിയ, ലോഡിംഗ് ഏരിയ, കാന്റീൻ, ഷോപ്പിംഗ് മുറികൾ, ടോയ്ലറ്റ്, വൈദ്യുതീകരണം, കുടിവെള്ളം തുടങ്ങിയവയ്ക്കാവശ്യമായ നടപടികൾ ഇനിയും സ്വീകരിക്കേണ്ടതായിട്ടുണ്ട്. സ്ഥലം മണ്ണിട്ട് നികത്തുന്നതിനുവേണ്ടിയിട്ടുള്ള ചില പ്രവർത്തനങ്ങൾ തുടങ്ങിയെങ്കിലും ഇപ്പോൾ മണ്ണ് ലഭ്യമല്ലെന്നതാണ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ

നിന്നും കിട്ടിയിട്ടുള്ള റിപ്പോർട്ട്. കുറേയേറെ ഡ്രെഡ്ജിംഗ് അവിടെ നടത്തിയിരുന്നുവെങ്കിലും ഇനി അവിടെനിന്നും മണ്ണെടുക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. കരാറുകാരൻ കരാർ കാലാവധി പൂർത്തിയാക്കി പോയിരിക്കുകയാണ്. കരാറുകാരന്റെ കാലാവധി കഴിഞ്ഞതിനാൽ ഇപ്പോൾ പുതിയ റിവൈസ്ഡ് എസ്റ്റിമേറ്റ് വന്നിട്ടുണ്ട്. ആ പുതിയ റിവൈസ്ഡ് എസ്റ്റിമേറ്റ് ഏതാണ്ട് 61.13 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. ഈ എസ്റ്റിമേറ്റിന് അംഗീകാരം നൽകണം. ഇതിന്റെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അടിയന്തരമായി അതിന്റെ നിർമ്മാണം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

## കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണം

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കൊയിലാണ്ടി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് 35.45 കോടി രൂപയുടെ ഭരണാനുമതി ഉണ്ടായിരുന്നു. 19–03–2012–ൽ പ്രധാന ഇനമായ പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. വാർഫ്, ലേലപ്പുര, റിക്ലമേഷൻ ബണ്ട് എന്നിവയുടെയും നിർമ്മാണം പൂർത്തിയായി. തെക്കേ പുലിമുട്ടിന്റെ തെക്കുഭാഗത്ത് അടിഞ്ഞുകൂടിയ മണ്ണ് ഡ്രെഡ്ജ് ചെയ്ത് വാർഫിന്റെ പിൻവശം നികത്തുന്നതിനായിരുന്നു നിശ്ചയിച്ചിരുന്നത്. എന്നാൽ പരിസരവാസികളുടെ എതിർപ്പുമൂലം ഡ്രെഡ്ജിംഗ് നടത്തുവാൻ സാധിച്ചിട്ടില്ല. അതേത്തുടർന്ന് ബഹുമാനപ്പെട്ട എം.എൽ.എ.–യുടെ സാന്നിദ്ധ്യത്തിൽ 01–07–2011–ലും ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ പല പ്രാവശ്യവും ചർച്ചകൾ നടത്തിയിരുന്നു. എങ്കിലും ഡ്രെഡ്ജിംഗ് പ്രവൃത്തി സുഗമമായി

മുന്നോട്ട് കൊണ്ടുപോകുവാൻ സാധിച്ചിരുന്നില്ല. ഡ്രെഡ്ജിംഗ്, റിക്ലമേഷൻ പ്രവൃത്തികൾ പൂർത്തിയായാൽ മാത്രമേ ജലസംഭരണി, കിണർ, ജലവിതരണ പൈപ്പ് ലൈൻ, കാന്റീൻ, ടോയ്‌ലറ്റ് ബ്ലോക്ക്, **കോസോൺ വാൾ**, പാർക്കിംഗ് ഏരിയ, ആന്തരിക റോഡുകൾ എന്നിവയുടെ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. ഫിഷിംഗ് ഹാർബർ ബേസിൽ അടിഞ്ഞുകൂടിയ ചെളി പുറത്തേക്ക് അടിച്ചുകളഞ്ഞ് ഹാർബർ ബേസിന്റെ ആഴം വർദ്ധിപ്പിക്കേണ്ട തുണ്ട്. ചെളി സ്റ്റെബിലൈസ് ചെയ്ത് റിക്ലമേഷൻ പ്രവൃത്തികൾക്കുവേണ്ടി ഉപയോഗിക്കുവാനാകുമോ എന്നതിനെപ്പറ്റി പഠനം നടത്തുന്നതിനായി കോഴി ക്കോട് എൻ.ഐ.ഐ.റ്റി.-യെ ഏൽപ്പിച്ചു. അവരുടെ റിപ്പോർട്ട് പരിശോ ധിച്ചുവരികയാണ്. ഈ പദ്ധതി 31-03-2011-ൽ പൂർത്തീകരിക്കേണ്ടതായി രുന്നു. ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 61.13 കോടി രൂപയുടെ ഒരു ഡിീുീലെറലിേെഹ ഞലുീൃ 21-12-2012-ൽ കേന്ദ്ര കൃഷി മന്ത്രാല യത്തിന് സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തിക്കായി നബാർഡിൽ നിന്ന് 46.88 കോടി രൂപ ഇതിനകം ചെലവഴിച്ചുകഴിഞ്ഞു. ഡിീുീലെറലിേെഹ ഞലുീൃ ന് അംഗീ കാരം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുകഴി ഞ്ഞു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തിയാക്കുന്നതാണ്. ഇതു മായി ബന്ധപ്പെട്ട് ആ പ്രദേശത്തെ എം.പി. കൂടിയായ കേന്ദ്രമന്ത്രി ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ ആവശ്യപ്പെട്ടതനുസരിച്ച് വരുന്ന മാർച്ച് 2-ാം തീയതി കോഴിക്കോടുവച്ച് ഉദ്യോഗസ്ഥന്മാരുടെ സാന്നിദ്ധ്യത്തിൽ ഇതിന്റെ റിവ്യൂ നട ത്താൻ നിശ്ചയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യെയും അത് അറി യിച്ചിട്ടുണ്ട്. ഇത് വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## ബ്രഹ്മപുരം മാലിന്യ സംസ്ക്കരണ പ്ലാന്റ് പ്രവർത്തനരഹിതമായത് മൂലമുണ്ടായ ആരോഗ്യ പ്രശ്നങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ: സർ, എന്റെ നിയോജക മണ്ഡലമായ കുന്നത്തുനാട്ടിലെ പുത്തൻകുരിശ് പഞ്ചായത്തിലെ ബ്രഹ്മപുരത്താണ് കൊച്ചിൻ കോർപ്പറേഷന്റെ മാലിന്യ സംസ്ക്കരണ പ്ലാന്റ് പ്രവർത്തിച്ചു വരുന്നത്. പരിസരവാസികളായ ജനങ്ങൾക്ക് ജീവിക്കുവാൻപോലും സാധിക്കാത്ത സ്ഥിതിയാണ് ഇപ്പോൾ ഈ പ്ലാന്റ്മൂലം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇവിടെ ദിവസവും ലോഡുകണക്കിന് മാലിന്യം ഡമ്പ് ചെയ്തു കൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ പ്ലാന്റ് ഇപ്പോൾ ഭാഗികമായിട്ടാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഇപ്പോഴത്തെ പ്രധാന പ്രശ്നം കുന്നത്തുനാട്ടിൽ മാത്രമല്ല തൊട്ടടുത്ത നിയോജക മണ്ഡലമായ തൃക്കാക്കരയിലും തൃപ്പൂണിത്തുറയിലും രാത്രികാലങ്ങളിൽ അസഹ്യമായ ദുർഗന്ധം വന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞവർഷം ഈ സമയത്ത് ദുർഗന്ധം മാത്രമല്ല ഈച്ചയുടെയും ശല്യമുണ്ടായിരുന്നു. ഇപ്രാവശ്യം ഈച്ചയുടെ ശല്യം മാത്രമാണില്ലാത്തത്. അതുകൂടാതെ സാംക്രമിക രോഗങ്ങളും ഈ സമയത്ത് പടർന്ന് പിടിക്കുകയുണ്ടായി. ഇതുമൂലം ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഇങ്ങനെപോയാൽ ജനങ്ങൾ സമരവുമായി രംഗത്ത് വരുന്ന ഒരു സാഹചര്യമാണ് ഇപ്പോൾ ഈ പരിസരങ്ങളിലെല്ലാമുള്ളത്. അതുകൊണ്ട് എത്രയും വേഗം അതിരൂക്ഷമായ ദുർഗന്ധം മൂലം ഇവിടുത്തെ ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യം പരിഹരിക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

## ബ്രഹ്മപുരം മാലിന്യ സംസ്ക്കരണ പ്ലാന്റ് പ്രവർത്തനരഹിതമായത് മൂലമുണ്ടായ ആരോഗ്യ പ്രശ്നങ്ങൾ

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, കൊച്ചി നഗരസഭയുടെ ബ്രഹ്മപുരത്തുള്ള മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനത്തിൽ ചില പോരായ്മകൾ വന്നതിനാൽ ശരിയായ വിധത്തിൽ പ്രവർത്തിക്കുവാൻ സാധിച്ചിട്ടില്ല. കമ്പോസ്റ്റ് പ്ലാന്റിന്റെ തറ വിള്ളൽ മുഖാന്തിരം പൊട്ടുകയും തൂണുകളും ബീമുകളും ചരിഞ്ഞും വളഞ്ഞും പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ അത്യാവശ്യം വേണ്ടുന്ന അറ്റകുറ്റപ്പണി നടത്തിയശേഷം കുറഞ്ഞ അളവിൽ ഒരു ഏജൻസി മുഖാന്തിരം ഈ പ്ലാന്റ് ഇപ്പോൾ പ്രവർത്തിച്ചുവരികയാണ്. ബ്രഹ്മപുരം പ്ലാന്റിന്റെ പരിസരത്ത് കൂട്ടിയിട്ടിരിക്കുന്ന മാലിന്യം **ക്യാപ്പ്** ചെയ്ത് പ്രശ്നം പരിഹരിക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. കൊച്ചി നഗരസഭയിലെ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനായി നവീന സാങ്കേതിക വിദ്യയോടുകൂടി പ്രതിദിനം 300 ടൺ മാലിന്യം ശാസ്ത്രീയമായി സംസ്ക്കരിക്കുവാൻ ശേഷിയുള്ള ഒരു മാലിന്യ സംസ്ക്കരണ പ്ലാന്റ് പി.പി. പി. അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനുള്ള തീരുമാനം നഗരസഭയുടെ ആവശ്യം പരിഗണിച്ച് സർക്കാർ കൈക്കൊള്ളുകയും അതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിവരികയുമാണ്. പി. പി. പി. അടിസ്ഥാനത്തിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ആർ.എഫ്.ക്യു. നടപടി പൂർത്തിയാക്കി അഞ്ച് ഏജൻസികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും അവരിൽ നിന്ന് മൂന്ന് ഏജൻസികൾ ആർ.ഇ.പി. ലഭിച്ച് സർക്കാർ രൂപീകരിച്ച ഒരു സാങ്കേതിക സമിതി പരിശോധിച്ചു വരികയുമാണ്. ഇതിൽ യോഗ്യമാവുന്ന ഏജൻസിയെ തെരഞ്ഞെടുത്ത് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന നവീന മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിച്ച് ഈ പ്രശ്നം പരിഹരിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.